THE CHURCH WEEKLY

| Vol. VIII. | SUNDAY 4th JULY 1954 | PRICE 2 ANNAS PER COPY | NO. 26 |
|---|---|---|---|


# PEOPLE OR THINGS?

**(By Dr. James Reid)**

***And one of the company said to Jesus Master speak to my brother that he divide the inheritance with me. And Jesus said, Take heed and beware of covetousness, for a man's life consisteth not in the abundance of the things which he possesseth.***

Luke 12: 13.

It is difficult at first sight not to have a certain sympathy with this man. His brother had obviously done him an injustice and he wanted Christ to intervene. But Jesus looked deeper. The first thing for this man to do was to get his own spirit right. If we take our problems to Christ He always begins with ourselves. This man was not primarily anxious about brotherhood but about money, Had he really loved his brother the other matter would have taken a second place and might easily have come right. "Love seeketh not her own," says Paul. Life is loving, not possessing, and the wrongs that others may do us should be no barrier to love. 'A man's life,' as Jesus said, "consisteth not in the abundance of the things that he possesseth."

This is a truth to which we are often blind. Possessions cannot fill a heart that is empty of love. The worst kind of poverty is poverty of loving. In his *Childs garden of Verses,* Stevenson wrote;

*The world is so full of a number of things,*
*I'm sure we should all be as happy as kings.*

This, of course, is pure nonsense, Of all people kings have not been specially remarkable for happiness, in spite of all their possessions. In this incident, as in others, Jesus states a truth which in these days is increasingly obvious. What matters in life is not things but people. In the view of Jesus the world is divided between those who care most about people and those who care most about things. Some love people and use things as a channel for love and service, Others love things and use people to supply them with things. The question with which Christ confronts us all is on which side we stand. I recall a man in the States many years ago who had a lovely house filled with antique furniture of various periods in which he took much pride. The whole collection was very valuable. One day he made up his mind to sell it and give the proceeds to provide a science building in a large school for young people whose education had been scanty. "I have just realized," he explained, "that I have been putting my money into things when I ought to be using it for people." What he had discovered was the truth that Jesus made clear to this man about persons and things.

This truth goes to the root of all our social and industrial problems. It puts things in their proper place. The conflicts between the "haves" and the "have nots" will never be solved by the covetous spirit. Right relationships between people cannot be created merely by levelling up or levelling down. Covetousness must be displayed by love if society is to be redeemed. "Though I bestow all my goods to feed the poor and have not love," says Paul, "it profiteth me nothing" Things are important when they become a channel for the love by which spirit with spirit can meet. It was in this light that Jesus saw things and used them. He loved flowers and pointed to the beauty of the desert lilies whose raiment even Solomen in all his glory could not equal. But He saw these as a mirror for the love and care of God for all his children. Bread is the symbol of the ordinary food by which we are sustained. In the hands of Jesus it became the medium of the love by which He gave Himself for us and gives Himself to us.

The meaning of things of every kind is lit up by the Sacrament. They are the channel of love, the medium of fellowship. When they become ends in themselves and life is centred in possession they go bad on our hands; they become corrupting. The first disciples caught this truth during the great happenings at Penticost. They were so conscious of their fellowship in Christ that in the emergency of the time they shared everything. The same kind of generosity flames up when some disaster stirs the imagination and breaks down the artificial barriers which hide us from one another.

It happend during the floods on the East coast. Lovely things were done—golden deeds that filled the air of this hard world with the fragrance of immortality, like the breaking of Mary's alabaster box. Love like this conveys the consciousness of their immoral worth to those who have come to feel they are only things because the world thinks them so. It gives people a sense of significance and a sense of security. They feel that they count, that they belong to the family of God the Father.

No one can dictate to another how things should be used in the service of love. "Reverence for life," as Dr. Schweitzer calls love, will make one man give all he has to supply the needs of others; it will make another man keep his business and run it in the true interests of the community. There is only one law, the commandment that Jesus gave His disciples before He was crucified—that "ye

# സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ്

[ജോർജ്ജ് വള്ളക്കാലിൽ ബി. എ.,ബി. എൽ.]

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിനെക്കുറിച്ച് മി. പി. ഏ. ഉമ്മന്റെ വിശദീകരണത്തിനുശേഷം ചർച്ച് വീക്ക്‌ലി എഴുതിയ മുഖപ്രസംഗവും, വസ്തുതകളുടെ തെറ്റായ ചിത്രീകരണത്താലും അനുകമ്പാരഹിതമായ സമീപനത്താലും ദൂഷിതമായിരിക്കുകയാണ്. കോൺഗ്രസ്സിന്റെ പ്രവർത്തനമാന്ദ്യത്തെ സദുദ്ദേശത്തോടുകൂടി ചൂണ്ടിക്കാണിക്കുന്നതു് ക്ഷമിക്കാനുള്ള ഔദാര്യബുദ്ധിയെങ്കിലും കോൺഗ്രസ്സ് പ്രവർത്തകന്മാർക്ക് ഉണ്ടായിരിക്കേണ്ടതാണെന്ന് പ്രസ്തുത മുഖപ്രസംഗത്തിന്റെ അവസാനഭാഗത്തു് അഭ്യർത്ഥിച്ചിരിക്കുന്നു. എന്നാൽ കോൺഗ്രസ്സ് സമ്മേളനങ്ങൾക്കു സദസ്സ് അന്വേഷിച്ച് പെരുനാളുകളും ശ്രാദ്ധങ്ങളും നടക്കുന്ന അവസരങ്ങളിൽ കോൺഗ്രസ്സിന്റെ സമ്മേളനങ്ങൾ നടത്തപ്പെടുന്നു എന്ന് വീക്ക്‌ലി എഴുതിയിരിക്കുന്നതു് സദുദ്ദേശപരമാണെന്ന് വിശ്വസിക്കാൻ കുറച്ചു പ്രയാസമാണ്. അതിന് യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവുമില്ലതാനും. മാവേലിക്കര, ചേപ്പാട്, ചെങ്ങന്നൂർ, തിരുവല്ല, നിരണം, കറ്റാനം ഈ സ്ഥലങ്ങളിൽ വച്ച് ഈ കഴിഞ്ഞ 5വർഷങ്ങളിലായി നടത്തപ്പെട്ട വമ്പിച്ച സമ്മേളനങ്ങൾ, ഒരു പെരുന്നാളിന്റേയും ശ്രാദ്ധത്തിന്റേയും അനുബന്ധമായിരുന്നില്ല എന്ന് ബ. പത്രാധിപർ ധരിക്കണമെന്നു അപേക്ഷിക്കുന്നു. കോൺഗ്രസ്സിന്റെ പുനരുദ്ധാരണം പരുമലവച്ച് ഒരു പെരുനാൾ ദിവസം നടന്നു. അതിനാൽ പെരുനാളിനു് പല ഇടവകകളിൽ നിന്ന് കൂടുന്നവർക്ക് സംബന്ധിക്കത്തക്കവണ്ണം ഒരു വിശേഷാൽസമ്മേളനമാണ് പരുമല പെരുനാളിനു നടത്തപ്പെടുന്നതു്. ബാവാ തിരുമേനിയും മറ്റു തിരുമേനിമാരും സഭാംഗങ്ങളോട് സംസാരിക്കുന്നതിനു തക്ക അവസരമായി ഇതിനെ പരിഗണിച്ചിട്ടുമുണ്ട്. വസ്തുതകൾ ഇപ്രകാരമായിരിക്കെ കോൺഗ്രസ്സുകാർ യോഗത്തിനു് ജനക്കൂട്ടത്തെ ആരാഞ്ഞു. പെരുനാൾ സ്ഥലങ്ങളിലും ശ്രാദ്ധസ്ഥലങ്ങളിലും പോകേണ്ടതായി വരുന്നു. എന്നു പറയുന്നതു് സദുദ്ദേശപ്രേരിതമായ വിമർശനമായി എങ്ങിനെ കണക്കാക്കാൻ കഴിയും?.

സഭാസമാധാനത്തെക്കുറിച്ച് ഒന്നും ചെയ്യാതെ നാണിച്ചിരിക്കുന്ന ഒരു സംഘടനയാണ് സിറിയൻകോൺഗ്രസ്സ് എന്നു മുഖപ്രസംഗത്തിൽ പറയുന്നു. സുപ്രീം കോടതി വിധി പ്രസ്താവിച്ചതിന്റെ അടുത്തദിവസം 'സമാധാനത്തിനു് അനുകൂലമായ അന്തരീക്ഷം സംജാതമായിരിക്കുന്ന ഈ അവസരത്തിൽ' ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റി സമാധാനത്തിനുവേണ്ടി മുൻകൈ എടുത്തു പ്രവർത്തിക്കണമെന്ന് കോൺഗ്രസ്സ് കമ്മിറ്റി അപേക്ഷിക്കുന്നതായ ഒരു പ്രമേയം പാസ്സാക്കി. അതു് പത്രങ്ങളിൽ പ്രസിദ്ധീകൃതമായി. സമാധാനാലോചന നടക്കുന്നുമുണ്ട്. കോൺഗ്രസ്സ് ചെയ്തതു് അപര്യാപ്തമെങ്കിൽ, “ഈ പ്രമേയം കൊണ്ട് തൃപ്തിപ്പെടാതെ സമാധാനത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കണം” എന്ന് വീക്കിലിക്കു ഉൽഘോഷിക്കാമായിരുന്നു. അതിനു് പകരം കോൺഗ്രസ്സ് ഒന്നും ചെയ്യാതെ, നാണിച്ചിരിക്കുന്നുപോലും. ഇതിൽ സദുദ്ദേശമെവിടെ? അനുകമ്പ എവിടെ?

മറ്റൊരു ചാർജ്ജ്, കോൺഗ്രസ്സ് രാഷ്ട്രീയകാര്യങ്ങളിൽ സമുദായത്തിനു് നേതൃത്വം കൊടുക്കുന്നില്ല എന്നാണ്. രാഷ്ട്രീയ കാര്യങ്ങളിൽ വിഭിന്നമായി ചിന്തിക്കുന്ന അഭ്യസ്തവിദ്യരടങ്ങിയ ഒരു സമുദായത്തിൽ ഒരു സമുദായ സംഘടന രാഷ്ട്രീയ പരിപാടി സ്വീകരിക്കുന്നതു് തീർച്ചയായും ആപൽക്കരമാണ്. ഇന്നു് ഇൻഡ്യയിൽ പ്രബലമായി വരുന്ന അഭിപ്രായഗതിയും ഇതുതന്നെ. വീക്കിലി, കത്തോലിക്കാ കോൺഗ്രസ്സിനെ മാതൃകമായി ചൂണ്ടിക്കാണിക്കുന്നു. ആ സംഘടന രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടതിനാൽ കത്തോലിക്കാ സമുദായത്തിലും ആ സംഘടനയിലും തന്നെ കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി ഉണ്ടായ അഭിപ്രായസംഘട്ടനങ്ങളും, വിവാദങ്ങളും സുവിദിതമാണല്ലോ. എന്നാൽ ക്രിസ്തീയതാല്പര്യങ്ങളെക്കുറിച്ച് കോൺഗ്രസ്സ് മൂകമായിരുന്നിട്ടില്ല. സർ. സി. പി.യുടെ കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിലും അതിൽ പിന്നെയും ക്രിസ്ത്യാനികളുടെ മൗലികമായ അവകാശങ്ങളുടെ സംരക്ഷണത്തിനു് ഇതരവിഭാഗങ്ങളോടു് സഹകരിച്ച് ചെങ്ങന്നൂർ തിരുവല്ല, കാഞ്ഞിരപ്പള്ളി, ഒല്ലൂർ മുതലായ സ്ഥലങ്ങളിൽ നടന്ന മഹായോഗങ്ങളിൽ ഈ കോൺഗ്രസ്സിന്റെ പ്രവർത്തകരും ഒട്ടും അപ്രധാനമല്ലാത്ത പങ്കു് വഹിച്ചിട്ടുണ്ട്. പൗരസ്ത്യസഭകളുടെ പെസഹാ, ദുഃഖ വെള്ളിയാഴ്ച, കഴിഞ്ഞയാണ്ടുമുതൽ സെൻറു് തോമ്മസ്സ് ദിനം ഇവ പൊതു ഒഴിവു ദിവസങ്ങളാക്കിയതു് സിറിയൻ കോൺഗ്രസ്സിന്റെ നിവേദനത്തിന്റെ ഫലമായിട്ടല്ലേ?

N. S. S S. N. D. P., തുടങ്ങിയ സമുദായ സംഘടനകളുടെ സ്വാധീനം ഈ കോൺഗ്രസ്സിനു് ഇല്ലെന്നു് സമ്മതിക്കുന്നു. എന്നാൽ ഓരോ ഇടവകയിലും, സഭയ്ക്കും പള്ളിയ്ക്കും ഉള്ള വരുമാനവും ചുമതലയും ആണ് [illegible]ടി സംഘടനകളും ശാഖകളും സ്വീകരിക്കുന്നതും നിർവ്വഹിക്കുന്നതും. സിറിയൻ കോൺഗ്രസ്സ് ആ സ്ഥാനം കാംക്ഷിക്കുന്നില്ല. സംഘടനാ ഭാരവാഹികളുടെ ശമ്പളത്തിനോ, കാറിനോ ചെലവാക്കാൻ പണം പിരിക്കുന്നുമില്ല. ലഭിക്കുന്ന സംഭാവനകൾ കുഷ്ഠരോഗികൾക്കും സാധു വിദ്യാർത്ഥികൾക്കും മററും ആണ് നൽകുന്നതു്. അതിനെ പ്രോത്സാഹിപ്പിക്കാതെ, എളിയ സേവനം പ്രതിഫലേച്ഛകൂടാതെ ചെയ്യുന്ന കോൺഗ്രസ്സ് പ്രവർത്തകരെ ഭഗ്നോത്സാഹരാക്കുന്ന ഈ മുഖപ്രസംഗത്തിലെ ആരോപണങ്ങൾ ചർച്ച് വീക്കിലി യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ തിരുത്തുമെന്നു് വിശ്വസിക്കട്ടെയോ?

---

love one another as I have loved you." That leaves plenty of room for freedom, but it sets us thinking out in the light of His example and spirit what loving people really means. The word "love" has so many meanings in our language that it needs to be continually purified in the fire of Christ's love. It can, for instance, become possessive. We can mistake for love the craving to possess others, and that comes very near to turning people into things.

**PRAYER: O God, who made and loveth all, help us to see all men and women in the light of Thy love and to find our true life in the service of one another. Deliver us from the tyranny of things, from seeking our happiness in possessions; and give us grace to use the gifts of this material world to serve Thy purpose and not to please ourselves.** *(British Weekly)*

# "നമ്മുടെ ഉത്തരവാദിത്വങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ കൂടുതൽ പതിയണം"

പ. ബാവാതിരുമേനി

(ഫാദർ തോമസ് മൂത്തേടം. പൂനാ)

ഓരോ വ്യക്തിയേയും ഇടവകയേയും സംഘടനയേയും ഉത്തരവാദിത്വ ബോധോത്സുകരാക്കുന്ന ഒരു സന്ദേശമാണ് പരിശുദ്ധ പിതാവ് സുപ്രീംകോടതി വിധി വിവരമറിഞ്ഞപ്പോൾ സഭാംഗങ്ങൾക്കായി നൽകിയത്.

ഇത്തരുണത്തിൽ നമ്മുടെ ഉത്തരവാദിത്വം എന്താണെന്നുള്ളത് മേ-30-നു-യിലെ ചർച്ചുവീക്കിലി ഒരു മുഖപ്രസംഗമൂലം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, അതേ ലക്കത്തിൽ—ഉത്തരവാദിത്വത്തെ ചൂണ്ടിക്കാണിക്കുമ്പോൾ അമർഷംകൊള്ളുന്നതിനു ഉദാഹരണമായി "പത്രാധിപർക്കുള്ള ഒരു കത്തു"കണ്ടു. എന്റെ ഈ ലേഖനത്തിനു മുഖാന്തിരമായതു് ആ കത്താണ്. ആരെങ്കിലും ഒരുവ്യക്തിയുടേയോ സ്ഥാപനത്തിന്റെയോ നന്മകളേയും, മേന്മകളേയും കുറിച്ചു പറഞ്ഞാൽ ആ പറയുന്ന വ്യക്തിയേക്കുറിച്ചു സന്തോഷംതോന്നുക മാനുഷികമാണ്. ഇതിൽനിന്നും വ്യത്യസ്തമായ ആളുകളും ഇല്ലെന്നില്ല. സുപ്രസിദ്ധ സുവിശേഷ പ്രാസംഗികനായ ഡി. എൽ. മൂഡിയുടെ പ്രസംഗംകേട്ട ഒരു സ്നേഹിതൻ ഒരിക്കൽ അദ്ദേഹത്തെ സമീപിച്ച് "സായ്പ്പിന്റെ ഇന്നത്തെ പ്രസംഗം വളരെ കേമമായിരുന്നു" എന്നു പറഞ്ഞതിനുമറുപടിയായി ആ ദൈവഭക്തൻ പറഞ്ഞതു് "അതു് നിങ്ങൾ പറയുന്നതിനു മുമ്പായി വേറൊരാളും എന്നോടു പറഞ്ഞു" പക്ഷേ, പ്രസംഗപീഠത്തിൽ നിന്നിറങ്ങിവന്നതിനു ശേഷം ആദ്യം സംസാരിക്കുന്നതു താനാണെന്നു തീർച്ചയാക്കിയ സ്നേഹിതൻ അദ്ദേഹത്തെ നേരത്തെ കണ്ടു് പ്രസംഗ മാഹാത്മ്യത്തെ അഭിനന്ദിച്ചതു് ആരാണെന്നറിവാനുള്ള അത്യാകാംക്ഷയോടുകൂടി അതാരു പറഞ്ഞു?എന്നുചോദിച്ചതിനു മറുപടിയായി "അതെന്നോടു പറഞ്ഞതു് പിശാചാണ്" എന്നു പറഞ്ഞു. സ്നേഹിതൻ വിശദീകരണം ആവശ്യപ്പെട്ടു. മൂഡി ഇങ്ങനെ വിശദീകരിച്ചു "പതിവില്ലം ഇന്നത്തെ പ്രസംഗം നന്നായി എന്നു എന്റെ മനസ്സിൽതന്നെ തോന്നി—ആ തോന്നൽ, ആത്മപ്രശംസയാണ്—നിഗളമാണ്—തള്ളപ്പെട്ട മാലാഖമാരുടെ അതായതു് സാത്താന്റെ അധഃപതനകാരണമായപാപമാണ്. അതുകൊണ്ടു താദൃശമായ തോന്നൽ പൈശാചികമാണ്. "ആത്മപ്രശംസ ചെയ്യുന്നവർക്കും തങ്ങളേപ്പററി മററുള്ളവർ പുകഴ്ത്തി പറഞ്ഞു കേൾക്കുന്നതിൽ താല്പര്യമുള്ളവർക്കും ഭക്തനായ മൂഡിയുടെ മറുപടി ദിവ്യോപദേശമാണ്.

ഏപ്രിൽ 26-ാംനു-യിലെ മനോരമയിലും മററു മലയാള പത്രങ്ങളിലുംറിപ്പോർട്ടു ചെയ്തിരുന്ന സി. ക്രി കോൺഗ്രസ്സ് സെക്രട്ടറിയുടെ സ്വാഗതപ്രസംഗം മുതൽ അതിഥികളായ പ്രസംഗകന്മാരുടെ പ്രസംഗങ്ങൾവരെ എല്ലാംതന്നെയും സി. ക്രി. കോൺഗ്രസ്സിന്റെ കുറവുകൾ ചൂണ്ടിക്കാണിക്കുന്നതിനും ഭാവിപന്ഥാവ് ശരിപ്പെടുത്തുന്നതിനും പ്രചോദനം നൽകുന്നവയുമായിരുന്നു. ശ്രീ വർഗീസ് കളത്തിലിന്റെ പ്രസംഗം:—അണ്ടിൽ ഒരു വാർഷികസമ്മേളനംനടത്തുക എന്നതിൽ കവിഞ്ഞു സി. ക്രി.കോൺഗ്രസ് ഇന്നു് സാരമായ യാതൊരു പ്രവർത്തനവും നടത്തുന്നില്ലെന്നും, വാർഷികം നടത്തുന്നതിനുവേണ്ടിമാത്രം ഇത്തരം ഒരു സംഘടനയുടെ ആവശ്യം ഉണ്ടോഎന്നു ആളുകൾ ചോദിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും വെറും ഒരു പദവിക്കുവേണ്ടിമാത്രം കോൺഗ്രസിന്റെ ഔദ്യോഗികസ്ഥാനങ്ങൾ സ്വീകരിക്കുന്ന ഇന്നത്തെ പതിവു മാററി മുഴുവൻ സമയവും കോൺഗ്രസിനുവേണ്ടി പ്രവർത്തിക്കാൻ കഴിവുള്ള ഒരാളെങ്കിലും കോൺഗ്രസിന്റെ ഔദ്യോഗികഭാരവാഹിയായിരിപ്പാൻ കഴിയാത്തപക്ഷം സംഘടന പിരിച്ചുവിടുകയാണുത്തമമെന്നും" ഉള്ള പൊതുജനാഭിപ്രായം വിളംബരം ചെയ്യുന്നതായിരുന്നു. ചർച്ചുവീക്കിലിയും ഈ പരമാർത്ഥം ഉദ്ധരിച്ചുപോയെങ്കിൽ അതിലെന്താണു അക്ഷന്തവ്യമായ, അമർഷകാരണമുള്ളതെന്നു ചോദിക്കുവാൻ എനിക്കു തോന്നിപ്പോകുന്നു.

പലിക്കോട്ടിൽ തിരുമേനിയുടെ ചിത്രത്തോടുകൂടി പ്രസിദ്ധീകൃതമായ കോൺഗ്രസ് പ്രകടനപത്രികയിൽ കാണിച്ചിരിക്കുന്ന വല്ല ആദർശങ്ങളും നടപ്പിൽ വരുത്തുവാൻ കോൺഗ്രസ് ശക്തമായിട്ടുണ്ടോ? പുത്തൻകാവുസമ്മേളനത്തിലെ കോൺഗ്രസ് പ്രസിഡണ്ടിന്റെ സ്വാഗതപ്രസംഗം ആദ്യന്തം ആദർശങ്ങൾ അലതല്ലുന്ന അഭികാമ്യമായ അശയ പ്രവാഹമായിരുന്നു. പക്ഷേ അതിന്റെ പ്രകടമാക്കിയ വാഗ്ദാനങ്ങളിൽ നിസ്സാരമായ ഒന്നെങ്കിലും നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ? ശ്രീ കെ. ഇ. മാമ്മന്റെ പ്രസംഗത്തിൽ" യുവാക്കന്മാർ കമ്മ്യൂണിസത്തിലേക്കാകർഷിക്കപ്പെടാതിരിക്കാൻ കോൺഗ്രസ് വേണ്ടതു ചെയ്യണമെന്നും സ്ത്രീധനസമ്പ്രദായം നിറുത്തലാക്കുന്നകാര്യത്തിൽ ക്രൈസ്തവസഭയ്ക്കു കോൺഗ്രസ് ഒരു നേതൃത്വം നൽകണമെന്നും ഉൽബോധിപ്പിച്ചു. ഇന്നത്തെ കോൺഗ്രസ്പോലുള്ള സംഘടനകളുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട അതിപ്രധാനങ്ങളായ രണ്ടു കാര്യങ്ങളാണു മി. മാമ്മൻ നിർദ്ദേശിച്ചതു്. സമുദായത്തിലെ ധനവാന്മാരേയും ധനസമൃദ്ധിയുള്ള പള്ളികളേയും സമീപിച്ചു കിട്ടുന്ന പണമുപയോഗിച്ചു വിവാഹപ്രായം അതിലംഘിച്ചുനിൽക്കുന്ന, നിവൃത്തിയില്ലാത്ത പെൺകുട്ടികളെ കെട്ടിച്ചുവിടുന്നതിനും, സ്ത്രീധനമില്ലാതെതന്നെ സൽസ്വഭാവികളായ പെൺകുട്ടികളെ വീട്ടുകാരുടെ അനുമതി വാങ്ങി നമ്മുടെ സഭയിലെ യുവാക്കൾ തന്നെ വിവാഹംചെയ്യുന്ന ഒരു നല്ല പാരമ്പര്യം സൃഷ്ടിക്കുന്നതിനും കോൺഗ്രസ് ശ്രമിക്കുന്നതു് ഉചിതമായിരിക്കും. ഓർത്തഡോക്സ് സഭാംഗങ്ങളായ പല യുവതികളും എനിക്കു എന്റെ സഭാംഗങ്ങളെന്നു പറയുന്നതിനുപോലും ലജ്ജ തോന്നത്തക്ക തരത്തിലുള്ള നിലപാടിൽ അറിയപ്പെടുന്നുണ്ടു്. അക്കാര്യത്തിൽ അബലകളും സാഹചര്യത്തിന്റെ അടിമകളുമായ ആ തരുണികളേക്കാൾ എനിക്കു കുററപ്പെടുത്തുവാനുള്ളതു് ഇന്നത്തെ സമുദായത്തിന്റെ സാമൂഹ്യവ്യവസ്ഥിതികളേയും മാമൂല്യകളേയുമാണ്.

ധനക്കൊതിയന്മാരായ മാതാപിതാക്കൾ, ആജീവനാന്തം തങ്ങളുടെ അരുമസന്താനങ്ങളായ ആൺമക്കൾക്കു സഹധർമ്മിണികളായി തെരഞ്ഞെടുക്കുന്ന പെൺകുട്ടികളുടെ സ്വഭാവശുദ്ധിയേയും, സൌന്ദര്യത്തേയും, കുലീനതയേയും, മറെറല്ലാ വിശിഷ്ടഗുണങ്ങളേയും അവഗണിച്ചു സ്ത്രീധനമായി ലഭിക്കുന്ന തുകയുടെ കൂടുതൽകുറവിനേ മാത്രം അടിസ്ഥാനപ്പെടുത്തി മക്കളുടെ വിവാഹനിശ്ചയത്തിനു വിധേയരാകുന്നതു നിമിത്തം ധനപരമായി അധഃപതിച്ചവരെങ്കിലും സാമൂഹ്യനിലയിൽ ഗണനീയമായിട്ടുള്ള പല കുടുംബങ്ങളിലെയും യുവതികൾ യഥാകാലമുള്ള വിവാഹസൗകര്യം ലഭിക്കാതെ [പലരും] നേഴ്സിംഗിനുംമററും പുറപ്പെട്ട

ന്നു. ഇങ്ങനെ സിവിൽ ഹോസ്പിററലിലും, മിലിററിഹോസ്പിററലിലും വന്നു ചേരുന്ന നമ്മുടെയുവതികളിലധികവും നേഴ്സുകളോട് അവജ്ഞയുള്ള നാട്ടിലേക്കു ഉദ്യോഗാനന്തരം മടങ്ങിച്ചെന്നാൽ പ്രായാനുസൃതമായ വരന്മാരെ കിട്ടുകയില്ല എന്നുള്ള ധാരണയിൽ തങ്ങൾക്കനുകൂലമല്ലാത്ത പലവിധജാതിക്കാരുമായി റെജിസ്റ്റർ വിവാഹത്തിലും മററു ചിലർ അതുപോലും കൂടാതെയുള്ള കുടുംബജീവിതത്തിലും കഴിഞ്ഞുകൂടുന്നു. മലയാളികളാണെന്നുള്ള വിവരംപോലും പരിചിതന്മാരിൽനിന്നും മറച്ചുവെയ്ക്കാൻ പലരും ശ്രമിക്കും. ചിലർ സന്മാർഗ്ഗേതരമായ നടപടികളാൽ ആശുപത്രികളിൽനിന്നും ബഹിഷ്കൃതരാവുകയും കുത്സിതവൃത്തികളിൽ പരസ്യമായി ഏർപ്പെടുകയും ചെയ്യുന്നു. നാട്ടിൽ ഭാര്യമാരുള്ള മിലിററി ശിപായികളേപ്പോലും താൽക്കാലിക ഭർത്താക്കന്മാരായി സ്വീകരിച്ചു രജിസ്റ്റർവിവാഹം നടത്തുകയും, പരിചയക്കാരിൽ ചിലർ എഴുത്തോ കമ്പിയോ ശിപായിയുടെ നാട്ടിലെ ഭാര്യയുടെ പേർക്കു അയച്ച് അവർ സ്ഥലത്തെത്തി മിലിററിഅധികൃതന്മാരുടെഅടുത്ത് പരാതിപ്പെടുമ്പോൾ താൽക്കാലികഭർത്താക്കന്മാരെ, നിർബന്ധഹേതുവാൽ ഉപേക്ഷിക്കേണ്ടിവരുന്നതുനിമിത്തം സുബോധം നഷ്ടപ്പെട്ട് അർദ്ധനഗ്നകളായും, ട്രയിനിലുംമററും ഉള്ള സഹയാത്രക്കാർ കണ്ണുംമുഖവും മറച്ചുകളയത്തക്ക പരിതഃസ്ഥിതിയിൽ വസ്ത്രഹീനരായും പ്രത്യക്ഷപ്പെടുന്നുണ്ട്. വേറെ ചിലർ സിനിമാതിയേററുകളിൽ "ഫാമിലികൺസഷൻ" ആദായപ്പെടുത്തുന്നതിനു (ചില തിയേററുകളിൽ ഭാര്യയും ഭർത്താവുംഒരുമിച്ചു ടിക്കററെടുത്താൽ 40 ശതമാനംലാഭമുണ്ട്) "തിയേററർ ഭർത്താക്കന്മാരുമായി" പോകുന്നുണ്ട്. ഇവരൊക്കെയും നാട്ടിൽ മടങ്ങിയെത്തിയാൽ ആരോഗ്യവും, ആദർശവും നശിച്ച സമുദായത്തിനും സ്വജനങ്ങൾക്കും തീരാക്കളങ്കമായി തീരുന്നതിൽ അത്ഭുതപ്പെടുവാനില്ലതന്നെ. അതുകൊണ്ട് നിവൃത്തിയില്ലാത്ത പരിതഃസ്ഥിതിയിലെത്തിയതു നിമിത്തം "രോഗാതുരശുശ്രൂഷ" എന്ന മഹനീയ സേവനത്തിന്റെ പേരിൽ ജീവിതസമർപ്പണം ചെയ്ത യുവതികൾ ജഡീയപ്രലോഭനത്തിനു വശംവദരായി സമുദായത്തിന്റെ "സ്ത്രീധനനിബന്ധനരീതി"യുടെ നേരെ ചോദ്യചിഹ്നമായി നിൽക്കുന്നതു ഉത്തരവാദിത്വമുള്ള സി. ക്രി. കോഗ്രൺസ്സിനെപോലുള്ള സംഘടനകൾ കണ്ടു പരിഹാരമുണ്ടാക്കുന്നതിനു വേണ്ടിവന്നാൽ മാനസിക വിപ്ലവാത്മകമായ ഒരു പ്രവർത്തനപരിപാടി ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. ഈ വർഷത്തെ വൃത്തങ്കാവു വാർഷികത്തിൽ സ്വാഗതപ്രസംഗം ചെയ്ത കോൺഗ്രസ് പ്രസിഡൻറ് "ജീവകാരുണ്യപരമായ പ്രവർത്തനത്തിൽ കോൺഗ്രസ് വേണ്ടതുചെയ്യുന്നുണ്ട്. കിടക്കാൻ ഇടമില്ലാത്തവർക്കു സ്ഥലവും, താമസിക്കാൻ ഭവനമില്ലാത്തവർക്കു കുടിലും, ഉടുക്കാനില്ലാത്തവർക്കു വസ്ത്രവും നിർദ്ധനരോഗികൾക്കു ഔഷധവും കൊടുക്കുന്നതിനും പുറമേ പണമില്ലായ്കയാൽ പെൺകുട്ടികളെ കെട്ടിക്കുവാൻ നിവൃത്തിയില്ലാത്തവരെ യഥാവസരം കെട്ടിക്കുന്നതിലും കോൺഗ്രസ്സിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ട്" എന്നു പ്രസ്താവിക്കുകയുണ്ടായി. ഈ മഹനീയാദർശങ്ങൾ നടപ്പിലാക്കാൻ അധികൃതൻ ആത്മാർത്ഥമായി യത്നിക്കുന്നുവെന്ന് പൊതുജനങ്ങൾക്കു മനസ്സിലായിക്കഴിഞ്ഞാൽ "എമ്പ്രാന്റെ വിളക്കത്തേ വാര്യരുടെ അത്താഴം" രീതിയിൽ ആൾ കൂടുമെന്നു നിർണ്ണയമുള്ള ചില പ്രധാന പള്ളിപ്പെരുനാളോടനുബന്ധിച്ചു കോൺഗ്രസ് വാർഷികവും നടത്തിയെന്നു വരുത്താതെ കോൺഗ്രസ്സിനു സ്വയമായിത്തന്നെ വാർഷികങ്ങളുംമററുംവച്ച് ആളുകളെ കൂട്ടിവരുത്താവുന്നതാണ്.

ഇപ്പോഴത്തെ കോൺഗ്രസ് പ്രവർത്തനം മുഴുവൻ സമയവും അതിനായി പ്രവർത്തിക്കാവുന്ന പ്രവർത്തകരുടെ അഭാവംനിമിത്തം അഭിവൃദ്ധിപ്പെടാനിടയില്ല. ചില ഞായറാഴ്ചകളിൽ സൗകര്യമുള്ള ചിലരെല്ലാം സൗകര്യമുള്ള ചിലടത്തെല്ലാം ചെന്ന് ഓരോ ശാഖകൾ സ്ഥാപിച്ച് കുറെ അഞ്ചുരൂപാമെമ്പറന്മാരെയും ചേർത്ത് അവരവരുടെ വസതികളിലേക്കു മടങ്ങുന്നതല്ലാതെ സ്ഥാപിച്ച ശാഖകളെ പ്രോത്സാഹിപ്പിക്കുന്നതിനോ എഴുത്തുകുത്തുമൂലമെങ്കിലും സമ്പർക്കംപുലർത്തുന്നതിനു പോലുമോ വേണ്ടതുപോലെ സാധിക്കായ്കയിൽ കേന്ദ്രവുമായി ബന്ധമില്ലാത്ത ഒരു അവസ്ഥയിലെത്തുകയും അത്തരം ശാഖകൾ അസ്തമിച്ചുപോകയും ചെയ്യുന്നു. അതുകൊണ്ട് കോൺഗ്രസ് പ്രവർത്തനത്തിൽമാത്രംശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഒരാൾ സെക്രട്ടറിയായി ഉണ്ടാകേണ്ടതു സംഘടനയുടെ [നിലനില്പിനും പുരോഗമനത്തിനും അപരിത്യാജ്യമാണ്.

നൂറനാട്ടു കുഷ്ഠരോഗാശുപത്രിയിലെ രോഗികൾക്കായുള്ള ക്രിസ്തുമസ്സു സൽക്കാരം ചില കോൺഗ്രസ് പ്രവർത്തകരുടെ സഹകരണത്തോടുകൂടി പുതിയകാവ് ഇടവകക്കാർ നടത്തുന്നതു അനുമോദനാർഹരാണ്. ഇതുപോലെയുള്ള നല്ലകാര്യങ്ങൾ കോൺഗ്രസ്സംഘടന നേരിട്ടോ സംഘടനാംഗങ്ങളുടെ പ്രോത്സാഹനത്തിലും സഹകരണത്തിലുമോ, മററു ഇടവകയിലും നടത്തുന്നതു സ്വാഗതാർഹമാണ്. പക്ഷേ ഇടവകകളിൽനിന്നും പണവും, ഭക്ഷ്യധാന്യങ്ങളും ശേഖരിച്ചു നല്ലകാര്യങ്ങൾ ചെയ്യുമ്പോൾ ആ പ്രവർത്തനങ്ങൾമുഴുവൻ കോൺഗ്രസ്സിന്റേതായി അവകാശപ്പെടുന്നതു "ചെണ്ട കൊട്ടുകൊള്ളാനും മാരാൻ പണം വാങ്ങാനും" എന്ന രീതിയിൽ വകവച്ചുകൊടുക്കുന്നതിനു മനസ്ഥിതിയില്ലാത്ത ഇടവകാംഗങ്ങൾ കോൺഗ്രസ്സിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്കകയും (കോൺഗ്രസ്സംഗങ്ങളല്ലാത്ത) നല്ല പ്രവർത്തനങ്ങളെപ്പോലും നിരുത്സാഹപ്പെടുത്താൻ ശ്രമിക്കുകയുംചെയ്തുവെന്നുംവരാം.(അനധികൃതർമായ അവകാശവാദത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസംമൂലം) 1950—ൽ നൂറനാട്ട് ക്രിസ്തുമസ് സൽക്കാരചെലവിനു 672 രൂ. 15 ണ. 6 പൈസാ വരവുള്ളതിൽ ചേപ്പാടും, കൊടശ്ശനാടും പള്ളിക്കാർ സംഭാവനചെയ്ത 30 രൂപാ ഒഴികെയുള്ള പണവും പലഹാരങ്ങളും പുതിയകാവ് ഇടവകയുടേതായിരുന്നു. ജീവകാരുണ്യപ്രവർത്തനഡയറക്റ്റർ പ്രസിദ്ധപ്പെടുത്തിയ അച്ചടിച്ച റിപ്പോർട്ടിന്റെ 3-ാംപേജിൽ "പൗരസ്ത്യസഭകളുടെ ക്രിസ്തുമസ്ദിവസം സാനിട്ടോറിയത്തിലുള്ള എല്ലാരോഗികൾക്കും വലിയതോതിലുള്ള ഒരു കാപ്പിസൽക്കാരം നടത്താൻ സാധിച്ചു. ഇതിലേക്കു വിവിധതര പലഹാരങ്ങൾ, പഴങ്ങൾ മുതലായവ പുതിയകാവ് ഇടവകയിൽനിന്നും ലോഭംകൂടാതെ ശേഖരിക്കുവാൻ സാധിച്ചുവെന്നുള്ളതു ഏററവുംസന്തോഷപൂർവ്വം പ്രസ്താവിപ്പാനുള്ളതത്രേ. പുതിയകാവു ഇടവകയിലെ 40 ഓളം സ്ത്രീപുരുഷന്മാർ രോഗികൾക്കു ആഹ്ലാദവും ഉന്മേഷവും ജനിക്കുമാറു കർണ്ണാനന്ദകരങ്ങളായ സംഗീതങ്ങൾ ആലപിച്ചും സന്ദർഭോചിതമായ പ്രസംഗങ്ങൾചെയ്തും രോഗികളെ കുളഹലചിത്തവൃത്തികളാക്കി" 1951—ാമാണ്ടിലെ റിപ്പോർട്ടിലും പുതിയകാവ് ഇടവകയിൽനിന്നും 700—ൽപരം രൂപയും ആവശ്യമുള്ള പലഹാരങ്ങളും പഴയവസ്ത്രങ്ങളും ശേഖരിച്ച് രോഗികൾക്കു സംഭാവന ചെയ്തു. കായംകുളം, ചേപ്പാട്, പത്തിച്ചിറ പള്ളികളിൽനിന്നും 47 രൂപാ ലഭിച്ചുവെന്നുള്ളതും വ്യക്തമാണ്.

പുതിയകാവിൽനിന്നും ഇത്ര വളരെ സാധനങ്ങൾ ശേഖരിക്കുവാനിടയായതു് നല്ല കാര്യങ്ങൾക്കു കൊടുക്കുന്നതിനുള്ള ആളുകളുടെ സന്മനസ്സും, മാവേലിക്കര അഗതിമന്ദിരം, ആദിയായ സൽസ്ഥാപനങ്ങളുടെ ഹേതുഭൂതനായ ശ്രീ കെ. ഒ. മാത്യുവിൻെറ നേതൃത്വത്തിലുള്ള ജീവകാരുണ്യപ്രവർത്തനത്തോടു ആളുകൾക്കുള്ള മതിപ്പുംനിമിത്തമാണു്. പ്രത്യുത സി. ക്രി. കോൺഗ്രസ്സിൻെറ ധനവിനിമയത്തിൽ ആളുകൾക്കു് അനുഭാവാർഹമായ ഒരു പദ്ധതിയുമില്ല. 1948—50 വരെയുള്ള വരവു് (അംഗത്വഫീസ് 694 ഉൾപ്പെടെ) 2364 രൂപയിൽ സൃഷ്ടിപരമായി യാതൊരു കാര്യത്തിനും ഒന്നും ചെലവഴിച്ചിട്ടില്ല. ജ. സെ. യാത്ര ചെലവു് 134 രൂ. പ്രസിഡ. മുതലായവർ 215 രൂ. അച്ചടിമുതലായവ 233 രൂ. വാർഷികം ആൻഡ് ജൂബിലിച്ചെലവു് 915 രൂ. ഈ കണക്കിൽനിന്നും, പഠിക്കുവാൻ നിവൃത്തിയില്ലാത്തവർക്കോ സ്ത്രീധനം കൊടുക്കാൻ നിവൃത്തിയില്ലാത്തവർക്കോ 500 രൂപായെങ്കിലും ചെലവാക്കാതെ വാർഷികത്തിനു 915 രൂപാ ചെലവാക്കിയ ഒരു സംഘടന വാർഷികം നടത്തുന്നതിനുവേണ്ടിമാത്രമുള്ള ഒരു സംഘടന, പിരിച്ചുവിടണമെന്നു ശ്രീ കളത്തിൽ വർഗീസിനെപ്പോലെയുള്ളവർ അഭിപ്രായപ്പെടുകയും, കക്ഷിവ്യത്യാസംകൂടാതെ അനീതിയേയും, അർത്ഥരഹിതവും പ്രയോജനരഹിതവുമായ സ്ഥാപനങ്ങളുടെ നിലനില്പിനേയും ചുമതലക്കാരുടെ ദൃഷ്ടിയിൽ തുറന്നുകാണിച്ചു് ധർമ്മോപദേശംചെയ്യുന്ന പാരമ്പര്യമുള്ള ചർച്ചുവീക്കിലിയേപ്പോലെയുള്ള പത്രങ്ങൾ പ്രസംഗം ഉദ്ധരിക്കയും മുഖപ്രസംഗം എഴുതുകയും ചെയ്യുന്നതിൽ എന്താണു് അസാംഗത്യം?

ശ്രീ എം. എം. തോമ്മസ്. പി. കെ. മാത്യു, ആദിയായ പാത്രിയർക്കീസു കക്ഷിക്കാരും സി. ക്രി. കോൺഗ്രസ് സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുള്ളതായി അവകാശപ്പെട്ടുകാണുന്നു. മി. തോമ്മസ് നിയമസഭാസ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു് കക്ഷിരഹിതനായ സ്പീക്കർക്കു പരുമലവെച്ചു് ഒരു അനുമോദനം നൽകി. അവിടെ പെരുനാളിനു എഴുന്നെള്ളിയിരുന്ന നമ്മുടെ തിരുമേനിമാർ യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചു. പ്രസംഗങ്ങൾ മിക്കവയുംതന്നെ മി. തോമ്മസിനെ അനുമോദിച്ചുള്ളവയായിരുന്നു. തന്നിമിത്തം മി. തോമ്മസ് സംബന്ധിച്ച ഒരു കോൺഗ്രസ്‌യോഗം കക്ഷിരഹിതമായിരുന്നു എന്നു പറഞ്ഞുകൂടാ. അതുപോലെ മാവേലിക്കര പ്രാക്ടീസു ചെയ്തു് അവിടെ താമസിച്ചുകൊണ്ടിരുന്ന മി. പി. കെ. മാത്യുവിനു പുതിയകാവിലെ നമ്മുടെ പള്ളിയും മററുമല്ലാതെ ആത്മീയാഭിഷ്ടനിർവഹണത്തിനു പര്യാപ്തമായിരുന്നില്ല. തന്നിമിത്തം സാഹചര്യത്തിൻെറ പ്രേരണകൊണ്ടു നമ്മുടെ കൂദാശകൾ സ്വീകരിച്ചുകൊണ്ടിരുന്ന മി. മാത്യു, കോൺഗ്രസ് പ്രവർത്തനത്തിൽ പങ്കെടുത്തതും, കോൺഗ്രസ്സിൻെറ കക്ഷിരാഹിത്യനയത്തിനു തെളിവാകുന്നില്ല.

കോൺഗ്രസ് കൂടുതൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ദൃഷ്ടിപതിപ്പിച്ചു്, പൊതുജനോപയോഗപ്രദമായ ഒരു സംഘടനയായി നിലകൊള്ളണമെന്നുള്ള ചർച്ചുവീക്കിലിയുടെ ഒരു അഭ്യുദയകാംക്ഷിയുടെ ഉചിതമായ അഭിപ്രായത്തേ ഞാനും അനുകൂലിക്കുന്നു.

പ. ബാവാ തിരുമനസ്സിലെ സന്ദേശത്തിലെ സാരം ശരിക്കു മനസ്സിലാക്കി ഇന്ത്യയിലെ വിദേശമിഷ്യനറിമാർ ഇന്ത്യ വിടേണ്ടിവന്നിരിക്കുന്ന ഈ പ്രത്യേക സന്ദർഭത്തിൽ "സമാധാനം അല്ലെങ്കിൽ മരണം" എന്ന പല്ലവി പാടി നടന്ന പീസ്‌ലീഗ്—മരിച്ചുവെന്നു വിചാരിച്ചിരുന്ന പീസ്‌ലീഗ് തിരുമേനിമാർ നേരിട്ടു സമാധാനശ്രമം നടത്തുന്ന ഈ തരുണത്തിൽ, വീണ്ടും പത്രപ്രസ്താവനമൂലം രംഗപ്രവേശനം ചെയ്യാൻ മുതിരുന്ന ഈ സന്ധിഘട്ടത്തിൽ, സി. ക്രി. കോൺഗ്രസ് വേണ്ട ധാർമ്മികപിന്തുണ നൽകി തിരുമേനിമാരുടെ സന്ധിശ്രമത്തേയും തദ്വാരാ സഭയുടെ എല്ലാ പുരോഗമനപ്രവർത്തനങ്ങളേയും വിജയിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഈ കത്തു് ഉപസംഹരിച്ചുകൊള്ളുന്നു.

(സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സു് സംബന്ധിച്ചുള്ള വിവാദ ലേഖനങ്ങൾക്കു് ഇനിയും പത്രസ്ഥലം അനുവദിക്കുന്നതല്ല.—പത്രാധിപർ)

## ഒരു തിരുത്തു്

ജൂൺ 27-ാം നു-യിലെ ചർച്ചുവീക്കിലിയിൽ രണ്ടാമനില്ലാത്ത ഒന്നാമൻ എന്ന ലേഖനത്തിൽ താഴെപ്പറയുന്ന വേദഭാഗങ്ങൾ തിരുത്തിവായിക്കേണ്ടതാകുന്നു എന്നു ലേഖനകർത്താവറിയിച്ചിരിക്കുന്നു.

തെററു്

കൊലോസ്യർ 4: I3—17
കൊലെ; 4: 16—18
സങ്കീ. 29: 7—10
1 കൊരി 18—ാം അദ്ധ്യായത്തിൽ

ശരി

1 തെസ്സ. 4: 13—17
1 തെസ്സ. 4; 16—18
സങ്കീ. 24: 7—10
1 കൊരി, 15—ാം അദ്ധ്യായത്തിൻെറ


**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

BOARD OF DIRECTORS:

Sri. K. George B. A., Trivandrum(Chairman)
,, E. J. Philipose B. A. B. L. Trivandrum.
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Maneger.

## വാര പഞ്ചാംഗം

| | ജൂലൈ | മിഥുനം |
|---|---|---|
| ഞായർ | 4 | 20 |
| തിങ്കൾ | 5 | 21 |
| ചൊവ്വാ | 6 | 22 |
| ബുധൻ | 7 | 23 |
| വ്യാഴം | 8 | 24 |
| വെള്ളി | 9 | 25 |
| ശനി | 10 | 26 |

**Thought for the Week**

The right which attaches to ownership is a right of administration, but should never be a right to exclusive use.

Archbishop Temple.

THE CHURCH WEEKLY

## മാർത്തോമ്മാദിനം

ഗ്രിഗോറിയൻ കലണ്ടർ ഇവിടുത്തെ ഓർത്തഡോക്സ് സഭയും അംഗീകരിച്ചതിനു ശേഷം ആദ്യത്തെ ദുക്റാനാ പെരുനാൾ ഇന്നലെയായിരുന്നു. ഇൻഡ്യയുടെ അപ്പോസ്തലനായ വി. മാർത്തോമ്മാശ്ലീഹായുടെ ദുക്റാനാ ഒരേ ദിവസം ഇവിടെയുള്ള എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളും ആഘോഷിക്കുവാനിടയായതു് ചാരിതാർത്ഥ്യജനകമായ ഒരു സംഭവമാണ്. ക്രിസ്തുമസ്സും ഈസ്റ്ററും നാം ഒരുമിച്ചു ആചരിച്ചു കഴിഞ്ഞു. ദുക്റാനായും നമ്മുടെ ആചരണ പരിപാടികളിൽ സുപ്രധാനമായ ഒരു സംയോജനഘടകമായി വർത്തിക്കുന്നു. സഭാ ഐക്യം സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നവർക്കു ഇങ്ങനെയുള്ള ചില മാർഗ്ഗദീപങ്ങൾ അന്തിമമായ ലക്ഷ്യത്തിലേക്കു വഴി കാട്ടുന്നവയാണ്. ക്രിസ്തു രണ്ടല്ല, ഒന്നാണ്. ആ ദിവ്യ രക്ഷകനെ നാം കണ്ടതും കാണുന്നതും വിവിധ തരത്തിലായിപ്പോയി. എങ്കിലും അടിസ്ഥാനപരമായ ചില പ്രമാണങ്ങൾ ഇന്നും ക്രൈസ്തവസഭകളുടെ ഏകതാലക്ഷണമായി അവശേഷിക്കുന്നതു് ഭാഗ്യമെന്നേ പറയാനുള്ളു. സഭാഐക്യമെന്ന പരമാദർശം തന്നെ വിവിധ തരത്തിലാണ് വീക്ഷിക്കപ്പെടുന്നതു്. രാഷ്ട്രീയമായ സ്വാധീനങ്ങൾക്കും ശക്തിയ്ക്കും അതു പശ്ചാത്തലമായി ഭവിക്കുമെന്നുള്ളതാണ് ആ കാര്യത്തിൽ ചിലരുടെ താല്പര്യം. ലോകം മുഴുവൻ ക്രിസ്തുസഭകളുടെ പുനരൈക്യത്തിലേക്കുള്ള ആഗ്രഹങ്ങളും പ്രയത്നങ്ങളും സജ്ജീവമായി പ്രത്യക്ഷപ്പെടുന്നുണ്ട് — ഓഗസ്റ്റ് മാസത്തിൽ അമേരിക്കൻ ഐക്യനാടുകളിൽ നടക്കുന്ന ഈവാൻസ്റ്റൺ സമ്മേളനം സഭാ പുനരൈക്യപ്രസ്ഥാനത്തിലെ സുപ്രധാനമായ ഒരു സംരംഭമാണ്. ഇങ്ങനെയുള്ള സമ്മേളനങ്ങളെയും, ദിനാഘോഷങ്ങളേയും സംശയദൃഷ്ട്യാവീക്ഷിക്കുന്ന ഒരു ചിന്താഗതിയും പല കേന്ദ്രങ്ങളിലും കണ്ടുവരുന്നതാണ്. അടിസ്ഥാനപരവും മർമ്മപ്രധാനങ്ങളുമായ പലതത്വങ്ങളേയും ബലികഴിച്ചുപോകുന്ന ഒരു "അലവലാതി" സംരംഭമാണ് ഐക്യപ്രസ്ഥാനമെന്നു കരുതുന്നവരുണ്ട്. എന്നാൽ ഇങ്ങനെയുള്ള സൽസംരംഭങ്ങളിൽ വന്നുകൂടാവുന്ന അപകടങ്ങളെപ്പററി മുൻകൂട്ടി കാണുന്നവർ ആ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തു പ്രവർത്തിക്കയാണു വേണ്ടതു്. ഇൻഡ്യൻ ക്രിസ്ത്യാനികളെ സംബന്ധിച്ചു മാർത്തോമ്മാദിനം ഒരുദേശീയ ദിനത്തിന്റെ പ്രാധാന്യതയോടുകൂടി എല്ലാ വിഭാഗങ്ങളും ആചരിക്കണമെന്നുള്ള നിർദ്ദേശം ഇതുവരെ പ്രായോഗിക രൂപം കൈക്കൊള്ളാതെ കിടക്കുകയാണ്. ജൂലായി 3 ഇപ്പോൾ ഗവർമ്മെൻറു അംഗീകരിച്ച ഒരു പൊതു ഒഴിവു ദിവസം കൂടെ ആയതുകൊണ്ട് പൊതുവായ ദേശീയ ദിനത്തിന്റെ ആചരണം സുഗമമായിത്തീർന്നിട്ടുണ്ട്. കർക്കടകമാസത്തിലെ മഴയുടെ ശല്യം ഇവിടെ അതൊരു അസൗകര്യമാക്കിയിട്ടുള്ളതുകൊണ്ട് ഡിസംബർ 24 സൗകര്യപ്രദമായ ഒരു മാർത്തോമ്മാദിനമാകണമെന്നുള്ള അഭിപ്രായം ഈ പംക്തികളിൽ പ്രകടിപ്പിച്ചിരുന്നു. റോമൻ കത്തോലിക്കാസഭയ്ക്കായിരിക്കും ആ തീയതി മാററത്തിൽ വൈമനസ്യം വരാൻ കൂടുതൽ കാരണമായിത്തീർന്നേക്കാവുന്നതു്. എന്നാൽ എല്ലാ സൗകര്യങ്ങളും ഒത്തു ചേർന്നു കിട്ടാൻ സാദ്ധ്യമല്ലെങ്കിൽ ക്രൈസ്തവസഭയുടെഐക്യബോധം വളർത്തുവാനുള്ള പരിപാടികൾ സ്വീകരിച്ചുകൊണ്ട് ഈ ദേശീയ ദിനത്തിന്റെ പ്രയോജനം വർദ്ധിപ്പിക്കുവാൻ എല്ലാ സഭകളും ഉൽസാഹിക്കുന്നതു കൊള്ളാം. മലങ്കര സുറിയാനിസഭയുടെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അകൽച്ച എങ്കിലും തീർക്കുവാനുള്ള ശ്രമങ്ങളെപ്പററി പ്രാർത്ഥിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന കർത്തവ്യഭാരമെങ്കിലും നമ്മുടെ സജീവശ്രദ്ധയിൽ പെട്ടെങ്കിൽ അതു തന്നെ ആ പുണ്യദിനത്തിന്റെ നേട്ടമായിരിക്കുമെന്നുള്ളതിനു് സംശയമില്ല.

## പരിശുദ്ധ കാതോലിക്കാ ബാവാതിരുമനസ്സിലെ കല്പന

നമ്മുടെ സഭയിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ആത്മീയ പുനർജ്ജീവന പദ്ധതിയെപ്പററി നിങ്ങൾക്കു് അറിയാമല്ലോ. പദ്ധതിപ്രകാരമുള്ള പ്രസ്ഥാനങ്ങളെല്ലാം ഒരുമിച്ചു നടപ്പിൽ വരുത്തുവാൻ ഇപ്പോഴത്തെ നമ്മുടെ ധനസ്ഥിതി അനുവദിക്കുന്നില്ലാത്തതിനാൽ അവ ക്രമേണ (ഓരോന്നായി) പ്രവൃത്തിപഥത്തിൽ കൊണ്ടുവരണമെന്നു നാം ആഗ്രഹിക്കുന്നു. നമ്മുടെ അരമനയിൽവച്ചു കൂടിയ കഴിഞ്ഞ രണ്ടു സുന്നഹദോസുകളിൽ ഈ കാര്യത്തെ പററി ചിന്തിക്കയും ആത്മീയപുനർജ്ജീവനപദ്ധതി നടപ്പിലാക്കുന്നതിനു നമ്മുടെ വർക്കിങ്ങ് കമ്മററിയോടു സഹകരിച്ചു വിവിധ വകുപ്പുകൾക്കു ചുമതല വഹിക്കുന്നവരുടെ ഒരു പ്രത്യേക കമ്മററിയെ നിയമിക്കണമെന്നു നിശ്ചയിക്കുകയും യുവജനപ്രസ്ഥാനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് ഒരു ഫുൾടൈം സെക്രട്ടറിയെ കേന്ദ്രത്തിൽ ഉടനെ നിയമിക്കേണ്ടതാണെന്നു തീരുമാനിക്കയും ചെയ്തു. അതിൻപ്രകാരം നമ്മുടെ തോണിപ്പുരയ്ക്കൽ ററി. സി. ഉമ്മനെ ഫുൾടൈം സെക്രട്ടറിയായി ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെയ്ക്കും നാം നിയമിച്ചിരിക്കുന്നു. യുവജന പ്രസ്ഥാനം സെക്രട്ടറിയുടെ ആഫീസ് കോട്ടയം കാതോലിക്കേററ് അരമനയിൽ ആയിരിക്കുന്നതാണ്.

നമ്മുടെ എല്ലാ പള്ളികളിലെയും പട്ടക്കാരും ജനങ്ങളും സെക്രട്ടറിക്കു് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കണമെന്നു നാം താല്പര്യപ്പെടുന്നു. ഇപ്പോൾ ഇടവകകളിലുള്ള യുവജനപ്രസ്ഥാനങ്ങൾ കഴിയുന്നതും വേഗം കേന്ദ്രത്തോടു സംഘടിപ്പിക്കുകയും യുവജനപ്രസ്ഥാനങ്ങൾ ഇല്ലാത്ത പള്ളികളിൽ അവരൂപീകരിച്ചു കേന്ദ്രത്തോടു ചേർക്കുകയും ചെയ്തുകൊള്ളണം. ശേഷം പിന്നാലെ.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# അനുരഞ്ജനശുശ്രൂഷ

(എം. ററി.)

"നിന്റെ സന്തതി പുരാതനശൂന്യങ്ങളെ പണിയും; തലമുറ തലമുറയായി കിടക്കുന്ന അടിസ്ഥാനങ്ങളെ നീ കെട്ടിപ്പൊക്കും; കേടുതീർക്കുന്നവനെന്നും കുടിയിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാനത്താക്കുന്നവനെന്നും നിനക്കു പേർ പറയും."

(യേശയ്യാവ് 58: 12)

പ്രവാചകൻ യെരുശലേമിന്റെ ജീർണ്ണോദ്ധാരണത്തെക്കുറിച്ചാണ് ഇവിടെ ചിന്തിക്കുന്നത്. ഇടിഞ്ഞുപൊളിഞ്ഞു ശൂന്യമായിക്കിടന്ന മതിൽ കേടുപോക്കി സാമുദായിക ജീവിതത്തെ യഥാസ്ഥാനപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. "കേടു തീർക്കുന്നവനെ"ന്നുള്ള അഭിധാനം ആർക്കും അഭികാമ്യമാണ്. ഇന്നു ലോകത്തിനു് ഏററവും ആവശ്യമായിട്ടുള്ളതു് "കേടുതീർക്കുവാൻ" കഴിവുള്ള ആളുകളെയാണ്; അതായതു് അനുരഞ്ജന ശുശ്രൂഷ നിർവഹിക്കുവാൻ കഴിവുള്ളവരെത്തന്നെ.

അനുരഞ്ജന ശുശ്രൂഷ ദൈവവുമായുള്ള സംസർഗ്ഗത്തിന്റെ ഫലമാണ്. നാം ദൈവത്തോടുള്ള ഐക്യത്തിൽ ജീവിക്കുന്നവരാണെങ്കിൽ തീർച്ചയായും അന്യരുടെ ജീവിതത്തിലെ മുറിവുകളെ സുഖപ്പെടുത്തുവാൻ കഴിവുള്ളവരായിരിക്കും. എപ്പോഴും നമ്മുടെ ശ്രമം സമാധാനമുണ്ടാക്കുവാനായിരിക്കും. ആരോഗ്യാവസ്ഥയിലിരിക്കുന്ന ശരീരം എപ്പോഴും രോഗത്തിനെതിരായി പ്രവർത്തിച്ചു സുഖം കൈവരുത്തുന്നു. എവിടെയെങ്കിലും ഒരു ചെറിയ മുറിവുണ്ടായാൽ അതു സുഖപ്പെടുത്തുവാനായി ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും സഹകരിക്കുന്നു. അപ്രകാരംതന്നെ ദൈവവുമായി യഥാർത്ഥസമ്പർക്കത്തിലിരിക്കുന്ന മനുഷ്യൻ എവിടെ മുറിവുണ്ടായാലും അതിനെ സുഖപ്പെടുത്തുവാനായി അഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മനോവ്യഥ അനുഭവിക്കുന്നവരെയും ഭിന്നിച്ചിരിക്കുന്നവരെയും തേടിപ്പിടിക്കുവാൻ നാം ശ്രമിക്കും. അവരുടെ പ്രയാസങ്ങളെ നമ്മുടേതായി നാം സ്വീകരിക്കും. സ്നേഹമാണ് ഇതിനു നമ്മെ പ്രാപ്തരാക്കുന്നതു്.

തകർന്ന ഹൃദയങ്ങൾ നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നതു്. പലരുടെയും ജീവിതത്തിൽ രഹസ്യമായ അനേകം മുറിവുകൾ ഉണ്ട്. ആത്മാവിനെ കരണ്ടു നശിപ്പിക്കുന്ന ഏതെങ്കിലും ദുഃഖമോ നിരാശയോ ഉള്ളവരാണ് അധികം പേരും. അല്ലെങ്കിൽ മനസ്സാക്ഷിയെ കുത്തിക്കൊണ്ടിരിക്കുന്ന എന്തെങ്കിലും അപരാധബോധമായിരിക്കും ചിലരുടെ പ്രശ്നം. അവരുടെ പ്രയാസങ്ങളെ തുറന്നു പറയുവാൻ അവരും അഗ്രഹിക്കുന്നുണ്ടാവാം. എന്നാൽ ആരോടാണ് പറയുക? അവരുടെ വിശ്വാസം അർഹിക്കുന്നവർ ആരും തന്നെ ഇല്ലെന്നു വന്നേക്കാം. ഒരു ആത്മീയ പിതാവിനു ചെയ്യാവുന്ന ഏററവും വലിയ സേവനം ഇവിടെയാണ്. സഭയിൽനിന്നു നാം പ്രതീക്ഷിക്കേണ്ടതും അനുഭവപ്പെടുത്തേണ്ടതുമായ ഒരു വലിയ അനുഗ്രഹമാണ് ഇതു്. പുരോഹിതന്റെ അടുത്തു പാപങ്ങളെ ഏററുപറഞ്ഞു പാപമോചനം പ്രാപിക്കുവാനും മനസ്സമാധാനം കണ്ടെത്തുവാനും സഭ പ്രദാനം ചെയ്യുന്ന മാർഗ്ഗങ്ങൾക്കായി നാം വളരെ നന്ദിയുള്ളവരായിരിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ അന്യോന്യം സഹായിക്കുവാനും ഭാരങ്ങൾ ചുമക്കുവാനുംനാം ബാദ്ധ്യസ്ഥരാണ്. മററുള്ളവരുടെ മനോഭാരത്തെ മനസ്സിലാക്കി അതിൽ സഹതപിക്കുന്നതിനും പങ്കുകൊള്ളുന്നതിനുമുള്ള കഴിവു നാമെല്ലാവരും കൈവരുത്തേണ്ടതാണ്. ഇതിനു വളരെയേറെ സ്നേഹവും ക്ഷമയും പ്രാർത്ഥനയും ആവശ്യമാണ്.

നമ്മുടെ ഹൃദയത്തിൽ സമാധാനം അനുഭവിക്കാതെ മററുള്ളവർക്കു സമാധാനം പ്രദാനം ചെയ്യുവാൻ നമുക്കു കഴിയുന്നതല്ല. ആരാധനയ്ക്കായി ദൈവാലയത്തിലേക്കു പോകുന്നവനോട് അദ്യമായി സഹോദരനോടു നിരപ്പാകുവാനാണ് കർത്താവു കല്പിക്കുന്നതു്. സഹോദരനോടു വഴക്കടിക്കുന്നവനു ദൈവത്തോടു നിരപ്പാകുവാൻ സാദ്ധ്യമല്ല. ലോകത്തിലുള്ള വഴക്കുകളുടെയെല്ലാം മൂലകാരണം ഓരോരുത്തരും ആന്തരീയമായ സമാധാനം കണ്ടെത്തിയിട്ടില്ലെന്നുള്ളതാണ്. ഉള്ളിലെ അസമാധാനമാണ് പുറത്ത് മററുള്ളവരോടുള്ള ഇടപാടുകളിൽ പ്രതിബിംബിക്കുന്നതു്. ആന്തരികസമാധാനം ഉണ്ടാകണമെങ്കിൽ നാം ആദ്യമായി ദൈവത്തോടു നിരപ്പാകണം. "സമാധനമുണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്നുവിളിക്കപ്പെടും" എന്നാണല്ലോ നമ്മുടെ കർത്താവു പറഞ്ഞിട്ടുള്ളതു്. ദൈവപുത്രന്മാരുടെ സർവ്വപ്രധാനമായ ഒരു ലക്ഷണമാണ് അതു്. വൃക്ഷം അതിന്റെ ഫലത്താൽ അറിയപ്പെടും എന്നുള്ളത് ഇക്കാര്യത്തിൽ പരമാർത്ഥമാണ്.

എവിടെ നോക്കിയാലും ശിഥിലമായ ബന്ധങ്ങളാണ് നാം കാണുന്നതു്. കുടുംബങ്ങളിലും, സ്ഥാപനങ്ങളിലും, രാഷ്ട്രത്തിലും, അകററി നിർത്തുന്ന കാര്യങ്ങളാണ് നമ്മെ തുറിച്ചു നോക്കുന്നതു്. സംശയവും തെററിദ്ധാരണയും ഭയവും എവിടേയും നടമാടുന്നതായി നാം കാണുന്നു. ഇതിനുള്ള പ്രതിവിധി എന്താണ്? സമാധാനമുണ്ടാക്കുവാൻ നാം അഗ്രഹിക്കുന്നെങ്കിൽ ആദ്യമായി നാം തന്നെ ദൈവത്തോടു കൂടുതൽ അടുക്കണം. ദൈവത്തിന്റെ സ്നേഹവും ക്ഷമിക്കുന്ന സ്വഭാവവും നാം പ്രാപിക്കണം. അതിന്റെ ശക്തിയിൽ, പ്രാർത്ഥനാപൂർവ്വം ഓരോ പ്രശ്നങ്ങളെയും ആളുകളെയും നാം അഭിമുഖീകരിക്കണം. അപ്പോൾ ദൈവം പ്രവർത്തിക്കും. താഴ്മയും ആത്മാർത്ഥതയും ഏററവും ആവശ്യമാണ്. സമാധാനമുണ്ടാക്കുന്നവർ ദൈവത്തിന്റെ ആയുധങ്ങൾ മാത്രമാണ്; ദൈവത്തിന്റെ സമാധാനം പ്രവഹിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മാത്രമാണ്. സ്വന്ത ശക്തിയിലോ സാമർത്ഥ്യത്തിലോ ആശ്രയിച്ച് അനുരഞ്ജനശുശ്രൂഷ നിർവ്വഹിക്കുക സാദ്ധ്യമല്ല.


## ചർച്ച്വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |

# വിശദീപം

(പുത്തൻകാവുമാത്തൻതരകൻ)

## മുടിയനായ പുത്രൻ

മഞ്ജരി

പൈദാഹമെന്തെന്നറിയാതവനൊരു
പാററിന്നു വേണ്ടി നടന്നു നീളെ
പട്ടുവസ്ത്രങ്ങൾ ധരിച്ചുനടന്നവൻ
മുട്ടുമറച്ചു പഴന്തുണിയാൽ,
കട്ടിപ്പൊൻപാത്രത്തിലഷ്ടികഴിച്ചവൻ
ചട്ടിയുംകൊണ്ടു നടന്നു നീളെ
പാൽപ്പായസം കുടിച്ചേററംമദിച്ചവൻ
പച്ചവെള്ളത്തിന്നു കേഴുകയായ്.
പൊന്മാതളക്കനിസന്നിഭമായോര—
പ്പൂങ്കവിൾ രണ്ടും കറുത്തുവാടി.
കണ്ണാടിയോടൊത്ത ഗണ്ഡസ്ഥലംവിട്ടു—
തിണ്ണപോൽപാരം പരുപരുത്തു.
നീലിച്ചിരുന്നോരു ലോലംബനേത്രങ്ങൾ
നിർജ്ജീവമായികുഴിഞ്ഞുതാണു.
തങ്കമരീചികൾ വീശിയ തൽഗാത്രം
ചുക്കിച്ചുളിഞ്ഞു നിറം വെടിഞ്ഞു.
കാൽകരം വല്ലാതെ വാടിത്തളർന്നുപോയ്
വെട്ടേററുവീണ പൂവല്ലിപോലെ.
സൗഗന്ധികത്തൈലം തൂകിയനുദിനം
സാനന്ദം ചീകിപ്പകുത്തുപോന്ന
കുന്തൽ ജടകെട്ടി ചെമ്പിച്ചുവല്ലാതെ
കുററി പോൽ മേലോട്ടെഴുന്നു നിന്നു.
സ്വാന്തംകലങ്ങി ഞെരുങ്ങിവലഞ്ഞോരു
സന്തപ്തൻ വല്ലാതെ കേണാനേവം.
"അയ്യോ വിശപ്പു സഹിക്കുവാൻ പാടില്ലേ
മെയ്യോ തളർന്നു കുഴഞ്ഞീടുന്നു.
താപ്പകലില്ലാതെ നീറുന്നകം, രണ്ടു—
ചോറുതരുന്നവരാരുമില്ലേ?
കൈപ്പൊരുളെല്ലാം നശിച്ചുസർവേശ്വര,
കണ്ണുകൾ മങ്ങിമയങ്ങീടുന്നു.
കൂട്ടുകാർ നിർദ്ദയം കൊള്ളയിട്ടെന്നെയീ
കഷ്ടകാലത്തിങ്കൽ കൈവെടിഞ്ഞു.
വേലയെടുപ്പാനെനിക്കറിവില്ലയ്യോ
കാലം കഴിക്കുവതെങ്ങിനെയോ?
ചക്കിൽക്കയറിയിറങ്ങിവരുന്നോരു
പച്ചക്കരിമ്പിന്റെ കോച്ചിലായ് ഞാൻ."
ഇങ്ങനെയുള്ളോരു ചിന്ത കലർന്നവ—
നെങ്ങുമിരുന്നു നടന്നു മന്ദം.
"ക്ഷുത്തൊന്നുതീർക്കണമെൻമുഖം കാണണം
ഹ്റുത്തൊന്നലിയണേ നാട്ടുകാരേ.
എത്തുംതുണയില്ലാതേഴ ഞാനുൽക്കട—
ഖേദമിയന്നു നടക്കയാണെ
കൊററിന്നുഴക്കരി നൽകണമല്ലെങ്കിൽ
പറെറാരു നാഴി തന്നീടണമേ.
അംഗവൈകല്യമില്ലാത്തോരബ്ഭിക്ഷുവേ
കണ്ടപ്പോൾ വീട്ടുകാരോതിയേവം.
"കള്ളാ കരുത്തൊന്നു കള്ളാ പെരുങ്കള്ളാ
പാളയെടുക്കുവാൻ നാണമില്ലേ?
കാലില്ലേ, കയ്യില്ലേ, നാക്കില്ലേ, മൂക്കില്ലേ?
വേലയെടുക്കുവാൻ ത്രാണിയില്ലേ?
പോടാ, തടിയാ, ഗൃഹത്തിന്റെ മുമ്പിൽനി—
ന്നോടടാ വേഗംനിൽക്കാതിവിടെ"
ഭിക്ഷ യാചിച്ചുതൻ കുക്ഷി നിറക്കാനും
കഷ്ടമാമർത്ത്യനു പാടില്ലാതായ്
വീഥികൾതോറും നടന്നു പലരുടെ
ധിക്കാരവാക്കുകൾ കേട്ടുംകേട്ടും
കല്ലിലും പുല്ലിലും ക്ഷുത്തിനായ് ക്ഷീണിച്ചു
വല്ലാതെ വീണു വലഞ്ഞാനവൻ
നട്ടെല്ലൊടിഞ്ഞോരു പട്ടിയേപ്പോലവൻ
കഷ്ടപ്പെട്ടോട്ടുവലിഞ്ഞിഴഞ്ഞും
ചെന്നുകുബേരനാമേകന്റെ ഗേഹത്തിൽ
നിന്നാൻ പടിക്കൽ കരങ്ങൾകൂപ്പി.
നാനാ ജനങ്ങൾക്കും നാഥനായ് നിന്നോരാ—
നാനാദോഷക്കാരൻ കേണാനേവം
"നാഥാ കടക്കണ്ണയച്ചെന്നേ നോക്കണേ
നാനാപരാധിഞാനെന്നാകിലും
ക്ഷുത്തിനാലത്യന്തമത്തലിയന്നുമൽ—
ഗാത്രംതളർന്നു കുഴഞ്ഞീടുന്നു.
ഇത്തല്ലിലീയെന്നേകൈവെടിഞ്ഞീടൊല്ലാ
ചിത്തം കനിയണേ ഒന്നുതാതാ
രണ്ടു കാശെങ്കിലും തന്നരുളീടണേ,
മിണ്ടുവാൻപോലുമെനിക്കു മേലാ"
ഇങ്ങനെയോരോന്നു കേണരച്ചീടവേ
മംഗലനാകുമാവേശ്മനാഥൻ.
പന്നിക്കൂട്ടങ്ങളെ മേയ്ക്കുന്നജോലിക്കാ—
പ്പാവത്തെ മെല്ലേ നിയോഗിച്ചുതേ
കുന്നുകൾതോറും നടന്നുനടന്നവൻ
പന്നിക്കൂട്ടങ്ങളെ മേയ്ക്കുകയായ്
പക്ഷേയവററ കഴിക്കും തവിട്ടുമാ
പ്പാവം യുവാവിനു കിട്ടിയില്ല.
പന്നിക്കൂട്ടങ്ങളെ മേയിച്ചുവാഴുവാ
നിന്നെനിക്കീശ്വരാ കാലമായി.
അന്നെന്റെ താതോപദേശം ശ്രവിച്ചെങ്കി—
ലിന്നീ നികൃഷ്ടനിലവരുമോ?
ദുഷ്ടന്മാരോടു സഹവാസംചെയ്കയാൽ
കെട്ടുപോയ് മാമകജീവിതവും
സന്മാർഗ്ഗമാകെ വെടിഞ്ഞുഭയങ്കര—
ദുർമ്മാർഗ്ഗകൂപത്തിൽ വീണട ഞ്ഞേൻ
കീർത്തിയാം ജ്യോത്സ്നയിലാർത്തകുലത്തെ ദു—
ഷ്കീർത്തിയാം പങ്കത്തിൽ താഴ്ത്തിഞാനും
പാരിലെല്ലാരും പഴിക്കുവനുള്ളോരു
പാതയിൽ പേപിടിച്ചോട്ടുന്നേൻ ഞാൻ
താതന്റെ മാനസം വെട്ടിപ്പിളർന്നുഞാൻ—
താതന്റെ നിർദ്ദേശം കൈവെടിഞ്ഞു.
സ്വന്തമാം വീട്ടിലേക്കെങ്ങനെപോകും ഞാൻ
ബന്ധുക്കളേക്കാണ്മതെങ്ങിനെ ഞാൻ"
ഇമ്മട്ടിൽചിന്തിച്ചു നൊന്ത മനസ്സോടു
പന്നിയെ വിട്ടവൻ പോകയായി,

[തുടരും]

# വേദവായനക്കുറിപ്പുകൾ

വ്യാഴം. യോഹന്നാൻ. 1. 1—9

"സജീവനായിരിക്കുന്നതു് നന്നാണു്", നാം പറയും. അതു് ശരിയുമാണു്. ദൈവത്തിൻെറ ഉദ്ദേശവും അതുതന്നെ. ദൈവവുമായി നമുക്കോഹരിയുള്ള ദിവ്യമഹത്വത്തിൻെറ ഒരു ഭാഗമാണു ജീവൻ. ജീവിക്കുവാൻ നമുക്കുള്ള ഉന്മേഷം ദൈവദത്തമത്രേ. സൃഷ്ടിശക്തിയുള്ള ദൈവത്തിൻെറ വചനമായി, ദൈവത്തിൻെറ ഏജൻറായിട്ടത്രേ നാം സുവിശേഷകർത്താവിനെ ചിത്രീകരിച്ചിരിക്കുന്നതു്. അവനെ "കൂടാതെ യാതൊന്നും ഉളവായില്ല", കർത്താവുമായി നമുക്കുള്ള ബന്ധമത്രേ നമുക്കു ജീവൻ നൽകുന്നതു്. പാപികളാൽ നിറഞ്ഞ ഒരു ലോകമായി ദൈവത്തിനു അതു സൃഷ്ടിക്കാമായിരുന്നു. അതിനു പകരം അവൻ "അവൻെറ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു", ദൈവത്തിൻെറ വചനത്തിൽ നിന്നത്രേ ജീവൻ നമ്മിലേക്കു് വന്നതു്. ആ വചനത്തിൻെറ മനുഷ്യാവതാരം മൂലം അവൻ നമ്മുടെയിടയിൽ വസിച്ചു, അവനിൽ നമ്മുടെ ജീവൻ പുതുക്കപ്പെട്ടു. നാലാം വാക്യത്തിൽ ജീവനും വെളിച്ചവും ഒരുമിച്ചു ചേർത്തു് പ്രസ്താവിച്ചു കാണുന്നതു് യാദൃച്ഛികസംഭവമല്ല. നാം അന്ധകാരത്തിൻെറ മക്കളായിരിക്കുവാൻ ദൈവം ഇഷ്ടപ്പെട്ടില്ല. നമ്മുടെ ജീവിതം ധന്യവും സമൃദ്ധവുമാവുമായിരിക്കണമെങ്കിൽ നമുക്കു് വെളിച്ചമാവശ്യമാകുന്നു. ആ രീതിയിലാണു് ദൈവം മനുഷ്യനെ സൃഷ്ടിച്ചതു്. നമ്മുടെ ശരീരത്തിനു് വെളിച്ചമാവശ്യമായിരിക്കുന്നതുപോലെ തന്നെ നമ്മുടെ ആത്മാവിനും വെളിച്ചമാവശ്യമാകുന്നു. ജീവിതത്തിലെ ക്ലേശങ്ങളും പ്രയാസങ്ങളും നിമിത്തം നമ്മുടെ ആത്മാവു് ക്ഷീണിച്ചു പോകാം. ആരോഗ്യപരമായ ആത്മീയജീവിതത്തിനു് വെളിച്ചമാവശ്യമാകുന്നു. അതിനായിട്ടത്രേ മനുഷ്യരുടെ ജീവനും വെളിച്ചവുമായി കർത്താവു് ലോകത്തിലേക്കു് വന്നതു്. "ദൈവത്തിൻെറ മഹത്വം." നമ്മുടെ ചിന്തയ്ക്കു വിധേയമാകേണ്ട മഹത്തായ ഒരു വിഷയമാണിതു്. ജീവിതത്തിൻെറ ക്ലേശസംപൂർണ്ണമായ വശങ്ങളെ നമുക്കു് എപ്പോഴും കാണിച്ചുതരുന്ന പല കാര്യങ്ങൾ നാം ദിവസവും അഭിമുഖീകരിക്കാറുണ്ടു്. കേവലം ഭൗതികമായ വീക്ഷണത്തോടുകൂടെ മാത്രം നാം അവയെ സമീപിക്കുന്ന പക്ഷം പല പ്രശ്നങ്ങളാണു് അവ നമ്മുടെ മുമ്പാകെ കൊണ്ടുവരുന്നതു്. എന്നാൽ വിശ്വാസത്തോടുകൂടെ സമീപിക്കുന്നപക്ഷം പ്രശ്നങ്ങൾക്കുപകരം ജീവിതം, ജനങ്ങൾ, ആദർശങ്ങൾ ഇവ കാണുന്നതിനു നമുക്കു സാധിക്കുന്നതാണു്. പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരാം. എന്നാൽ അവ കേവലം പ്രശ്നങ്ങളായിരിക്കുകയില്ല. ദൈവത്തിൻെറ ഉദ്ദേശത്തിന്നനുസരണമായി നാം കാര്യങ്ങളെ കണ്ടു തുടങ്ങുമ്പോൾ ക്രിസ്തു ജീവിതത്തെ എങ്ങിനെ നേരിട്ടു എന്നു ഗ്രഹിക്കുമ്പോൾ ദൈവത്തിൻെറ മഹത്വം കാണുവാൻ കുറെ എങ്കിലും നമുക്കു കഴിയുന്നതാണു്".

വി. യോഹന്നാൻെറ സുവിശേഷം അടിസ്ഥാനമാക്കി കൊണ്ടു് തയാറാക്കപ്പെടുന്ന ഈ കുറിപ്പുകൾ Bible Reading Fellowship വകയായി പ്രസിദ്ധപ്പെടുത്തുന്ന നോട്ടുകളെ ആശ്രയിച്ചുകൂടിയാണു് എഴുതപ്പെടുന്നതെന്നുള്ളതു് ഇവിടെ പ്രസ്താവയോഗ്യമത്രേ.

വെള്ളി. യോഹ. 1. 9—14.

നമുക്കു് ദൈവത്തിൽ നിന്നു് ജീവൻ ലഭിച്ചു; താൻ മനുഷ്യസ്വഭാവത്തിനു് ഓഹരിക്കാരനായി തീർന്നു. എന്നാൽ സമൃദ്ധമായ ജീവൻ അതിൻെറ പൂർണ്ണതയിൽ ദൈവത്തിൽ മാത്രമേ കാണുവാൻ കഴിയൂ. എങ്കിലും വചനം ജഡമായി മനുഷ്യരുടെയിടയിൽ വസിച്ചതുമൂലം സമൃദ്ധമായ ജീവിതം കാണുവാൻ മനുഷ്യവർഗ്ഗത്തിനു കഴിഞ്ഞു. ജീവിതത്തിനു എന്തു കഴിയും, ജീവിതം എന്തായിരിക്കണം എന്നറിയുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നു എങ്കിൽ അവർ ക്രിസ്തുവിങ്കലേക്കു് നോക്കേണ്ടതാണു്. തന്നിലത്രേ യഥാർത്ഥ ജീവിതം അത്യുത്തമമായ ലെവലിൽ അതിൻെറ ധന്യശക്തികളോടുകൂടെ കാണപ്പെടുന്നതു്. മനുഷ്യാവതാരം ചെയ്ത വചനം ദൈവത്തിൻെറ മഹത്വം നമുക്കു വെളിപ്പെടുത്തി തരികയും ചെയ്യുന്നു. ദൈവത്തിൻെറ മഹത്വം സമാഗമന കൂടാരത്തിൽ വസിച്ചിരുന്നപ്പോൾ മോശയ്ക്കു് അങ്ങോട്ടു പ്രവേശിപ്പാൻ കഴിഞ്ഞില്ലെന്നാണു് നാം പഴയനിയമ പുസ്തകത്തിൽ വായിക്കുന്നതു്. അതു് സജീവയാഥാർത്ഥ്യമായിതീരുന്നതു് വചനമായ യേശുവിലാണു്. "അവൻെറ മഹത്വം ഞങ്ങൾ കണ്ടു." നമ്മുടെ ക്രൈസ്തവപദവികൾ എത്ര വലുതു്. നാം ദൈവത്തിൻെറ ജീവിനു് ഓഹരിക്കാരായിതീർന്നു. അവൻെറ മഹത്വം നാം കാണുകയും ചെയ്തു. നാം ക്രിസ്തുവിനെ സ്വീകരിച്ചു് അവനെ അനുഗമിക്കുന്ന പക്ഷം ദിവ്യ മഹത്വത്തിനു പങ്കാളികളാകുവാൻ നമുക്കു് അവൻ ശക്തിനൽകുന്നു.

ശനി. യോഹ: 2. 1—11.

ഈ സംഭവകഥയ്ക്കു് ജീവിതത്തിൽ നാം നേരിടാറുള്ള പല അനുഭവങ്ങളോടു സാമ്യമുണ്ടു്. വളരെ ശ്രദ്ധയോടെ നമ്മുടെ കാര്യങ്ങൾ നാം ക്രമീകരിക്കുക പതിവാണു്. എല്ലാം ഭംഗിയായി എന്നു നാം വിചാരിക്കുകയും ചെയ്യും. അപ്പോഴാണു് നിയന്ത്രണാതീതമായ ഏതോ കാരണത്താൽ—ചിലപ്പോൾ നിയന്ത്രണവിധേയമായ കാരണത്താലും—നമ്മുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി കാര്യങ്ങൾ അനുഭവപ്പെടുന്നതു്. എങ്ങിനെയോ വീഞ്ഞു തീർന്നുപോകുന്നു. വീഞ്ഞു തീർന്നുപോയ വിവരമറിഞ്ഞു വി. മാതാവു് കർത്താവിനെ സമീപിച്ചു് വിവരമറിയിച്ചു. നമ്മുടെ ബദ്ധപ്പാടുകളുടെയിടയിൽ അല്പസമയം ശാന്തമായി പ്രാർത്ഥിക്കുന്നതിനോ, സാഹചര്യങ്ങൾ ദൈവതിരുസന്നിധിയിൽ ഓർക്കുന്നതിനോ നമുക്കു സാവകാശമില്ല. വി. മാതാവിൻെറ അറിയിപ്പിനു് അനുകൂലമായ ഒരു മറുപടി കർത്താവിൽ നിന്നു് ലഭിച്ചില്ലെങ്കിലും മാതാവു് മററു ചിലരെക്കൂടെ തൻെറ വിശ്വാസത്തിനും ഉറപ്പിനും പങ്കുകാരാക്കിതീർക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിലാണു് നമ്മുടെ കഴിവുകളെ രൂപാന്തരപ്പെടുത്തുവാൻ കർത്താവിനു കഴിയുന്നതു്, വെള്ളം വീഞ്ഞാക്കിത്തീർക്കുന്നതു്. നമ്മുടെ ഏതുമില്ലായ്മയിൽ നമുക്കു നമ്മെത്തന്നെയും നമ്മുടെ കഴിവുകളും കർത്തൃകരങ്ങളിൽ സമർപ്പിക്കാം. അവൻ നമ്മെ ഉപയോഗിക്കുകയും കുറവുകളെ പരിഹരിക്കുകയും ചെയ്യട്ടെ.

അസ്സീസ്സിയിലെ ഫ്രാൻസിസ്

# ജയിലറയിലെ ചിരിക്കുടുക്ക

1202-ാം വർഷം പോൻറിസാൻ ഗ്യോവന്നിയിൽ ടൈബർ നദിയെ ഒരു പഴയ പാലം കുറുകെ കടക്കുന്നതിനു സമീപംവച്ച്, ഒരു യുവാവ് ചരിത്രത്തിലേക്ക് ഓടിക്കയറി. രണ്ട് ഇററാലിയൻ നഗരങ്ങളിലെ പട്ടാളക്കാർ തമ്മിൽ നടന്ന ഒരു ലഹളയിൽ പങ്കെടുക്കാനാണ് ആ ചെറുപ്പക്കാരന്റെ ആഗമനം. രണ്ടു കൂട്ടരും ഭേഷിനു പരസ്പരം അടിച്ചു. അസ്സീസ്സിയിലെ തന്റെ സുഹൃത്തുക്കളോടു ചേർന്ന് ആ യുവാവ്, പുരാതനകാലം മുതൽ തങ്ങളുടെ ശത്രുക്കളായി കഴിയുന്ന പെറൂഗ്യാക്കാരോടു കയർത്തു.

ലഹള പകൽ മുഴുവൻ നീണ്ടുനിന്നു. അനശ്വരമായ ടൈബർ നദിയിൽ വഴക്കടിക്കുന്ന രണ്ടു നഗരങ്ങൾക്കും മദ്ധ്യത്തിലായി സമരതന്ത്രപ്രാധാന്യമർഹിക്കുന്ന ഒരു സ്ഥാനത്ത് ഉയർന്നു നില്ക്കുന്ന പാലം ഹാസ്യഭാവത്തോടെ ഇതിനു ദൃക്സാക്ഷ്യം വഹിച്ചു. പണ്ടു പണ്ട് അവിടെ നടന്നിട്ടുള്ള സമരങ്ങളും ആ വഴി കടന്നുപോയിട്ടുള്ള പട്ടാളങ്ങളുടെ കവാത്തും മററുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത്തവണത്തെ കലഹം കേവലം നിസ്സാരമാണ്. ഈ ലഹളയ്ക്കു വലിയ പ്രാധാന്യമൊന്നും നൽകീട്ടു കാര്യമുണ്ടായിരുന്നില്ല—ലോകത്തിന്റെ ഭാവിയുടെ നല്ലപങ്കും സ്വന്തസ്സുസ്ഥങ്ങളിൽ ഏററി വേഷവിധാനങ്ങളിൽ അശ്രദ്ധനായി, കൂട്ടുകൂടെ ചിരിച്ചുകൊണ്ട് ഒരു യുവാവ് ആ നിമിഷത്തിൽ ചരിത്രത്തിലേക്കു വഴുതിവീഴാതിരുന്നെങ്കിൽ.

മുമ്പെന്നപോലെ ഇത്തവണയും അസ്സീസ്സിയിലെ യുവാക്കൾ തോററു. അവരിൽ മിക്കവരും തടവുകാരാക്കപ്പെട്ടു. പാലം കടത്തി, പ്രാകാരവലയിതമായ പെറൂഗ്യാനഗരത്തിലേക്കവരെ കൊണ്ടുപോയി. നമ്മുടെ യുവസുഹൃത്ത് ഈ നിർഭാഗ്യാവസ്ഥയിൽ കൂട്ടുകൂടെ ചിരിക്കുകയാണ്.

ഭൂഗർഭത്തിലുള്ള ഒരു ജയിലിലേക്കു തള്ളപ്പെട്ട സമയത്തും തമാശ പറഞ്ഞു പൊട്ടിച്ചിരിച്ചു. യുവാവിന്റെ അക്ഷോഭ്യഭാവവും വില കൂടിയ വസ്ത്രങ്ങളും കണ്ട് അദ്ദേഹമൊരു പ്രഭുകുമാരനായിരിക്കണമെന്നു ജയിലർ തീർച്ചപ്പെടുത്തി. സാധാരണ പൗരന്മാരുടെ ഇടയിൽനിന്നു പ്രഭുക്കന്മാരെ അടച്ചിരുന്ന ജയിൽമുറിയിലേക്കു മാററി. ഒരു ധനികവർത്തകന്റെ പുത്രനായിരുന്ന ആ യുവാവിന്റെ നില, വാസ്തവത്തിൽ ഇവ രണ്ടിനും ഇടയ്ക്കായിരുന്നെന്നു വാചാരിക്കേണ്ടിയിരിക്കുന്നു. ഒരു വർഷത്തിലധികം ആ ജയിലിൽ കഴിച്ചുകൂട്ടേണ്ടിവന്നെങ്കിലും അക്കാലമെല്ലാം യുവാവിൽ കണ്ട പ്രസാദവും പ്രസരിപ്പും കൂടെയുള്ളവരെ അമ്പരപ്പിച്ചു. "ഇയാൾക്കു ഭ്രാന്താണോ?" അവർ തെരക്കി.

എന്നാൽ അതു ഭ്രാന്തായിരുന്നില്ല; ഊർജ്ജസ്വലതയുടെ അപ്രതിഹതമായ ഒരു ഒഴുക്ക്, സർഗ്ഗാത്മകമായ ഉന്മേഷത്തിന്റെ തിരത്തള്ളൽ ആ യുവാവിനെ മൂകനായി, വിചാരാധീനനായിക്കഴിയുന്നതിനു വിട്ടില്ല. തൽക്കാലത്തേക്ക് അതു വിനോദത്തിലും ചിരിയിലുമായി ബഹിർഗമിക്കുകയായിരുന്നു. അതിരാവിലെ അദ്ദേഹം സുസ്മേരവദനനായി സഹവത്തകരെ അഭിവാദ്യം ചെയ്യും. പകൽ മിക്കപ്പോഴും ഗാനാലാപത്തിൽ ചെലവഴിക്കും. ഗാനലോലുപനായ ഒരു സംഗീതഭ്രമിക്കുട്ടിയായിരുന്നു ആ യുവാവ്.

ഇതോടനുബന്ധിച്ച്, ഒടുങ്ങാത്ത ശുഭപ്രതീക്ഷ ആ യുവമനസ്സിൽ കുടികൊണ്ടിരുന്നു. "ഒരു ജയിലിൽ ഇത്ര വളരെ സന്തോഷം പ്രകടിപ്പിക്കുന്ന നിനക്കു തലതിരിഞ്ഞുപോയോ? ഒരു സുഹൃത്ത് അന്വേഷിച്ചു.

മറുപടി പറയുമ്പോൾ ആ കണ്ണുകളിൽ വിനോദവും പരിഹാസവും വെട്ടിത്തിളങ്ങി. "എനിക്കെന്തുകൊണ്ട് അഹ്ലാദിച്ചുകൂടാ? ഒരു ദിവസം ലോകം മുഴുവൻ എന്നെ കുമ്പിടും."

"ദൈവദൂഷണം" നിരാശനായി, ആ സുഹൃത്തു പിൻവാങ്ങി.

ലോകം തന്നെ നമിക്കാൻ പോവുകയാണെന്ന് ആ യുവാവു നിശ്ചയിച്ചുറച്ചു. പക്ഷേ തന്നെത്തന്നെ വളരെ കുറച്ചുമാത്രം മനസ്സിലാക്കിയിരുന്ന അദ്ദേഹം വിചാരിച്ചതു് ഒരു വലിയസേനാനായകനെന്ന നിലയിലോ വിശ്വപ്രസിദ്ധനായ ഒരു സംഗീതവിദഗ്ദ്ധനായിട്ടോ മഹാനായ ഒരു ഭരണാധികാരിയെന്ന നിലയിലോ ലോകം തന്നെ നമസ്കരിക്കുമെന്നാണ്. തന്റെ സ്വഭാവത്തിന് അതിശക്തമായ മറെറാരു സംശയമുണ്ടെന്നോ, അതു് ഈദൃശങ്ങളായ ബാലിശേച്ഛകളെ രൂപാന്തരീകരിക്കുമെന്നോ അന്ന് ആ യുവാവിനു യാതൊരു ബോധവുമില്ല. ആ വശം വളർന്നുവളർന്ന്, തന്റെ സമസൃഷ്ടിസ്നേഹവും സർഗ്ഗാത്മകമായ ഉന്മേഷപ്രസരിപ്പും വിജയകിനാവുകളുമെല്ലാം അതിന്റേതായ ഒരു ലക്ഷ്യത്തിനുവേണ്ടി തിരിച്ചുവിടുമെന്ന് അന്ന് ആ യുവാവ് ചിന്തിച്ചതുപോലുമില്ല.


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവ്വേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

# സുവിശേഷ പ്രവർത്തനം—സഭയുടെ അവഗണിക്കപ്പെട്ട ജീവിതധർമ്മം.

1

“സുവിശേഷപ്രവർത്തനം.” സഭയുടെ ശബ്ദകോശത്തിൽ ഇതിലേറെ പരിചിതമായ മറ്റു പദങ്ങളുണ്ടെന്നു തോന്നുന്നില്ല. ഇത്രയധികം തെറ്റിദ്ധരിക്കപ്പെട്ട പദവും മറ്റില്ലതന്നെ.

തന്റെ മഹിമയുടെ വേദികയാക്കി ഈ ലോകത്തെ രൂപാന്തരപ്പെടുത്താൻ വേണ്ടി ദൈവം ക്രിസ്തുവിൽ ലോകത്തെ സന്ദർശിച്ചുവെന്ന സദ്വാർത്തമാനം സൂചിപ്പിക്കുന്ന ഒരു പദം പുതിയനിയമ ഭാഷയിലുണ്ടു്. പ്രസ്തുത പദത്തിൽനിന്നാണു് ഇവാഞ്ജലിസം (സുവിശേഷ പ്രവർത്തനം) എന്ന പദമുണ്ടായതു്. പാപമരണങ്ങളുടെ അധികാരത്തിൻകീഴിൽ കഷ്ടപ്പെടുന്ന ഒരു ലോകത്തിനു് പ്രത്യാശ നൽകുന്നതാണു് മുമ്പറഞ്ഞ സന്ദേശം. ഏതു നിമിഷത്തിലും ഏതു സാഹചര്യത്തിലും—അതെത്രതന്നെ നിരാശാജനകമെന്നു തോന്നിക്കൊള്ളട്ടെ—എല്ലാമനുഷ്യർക്കും പ്രത്യാശയുടെ സദ്വാർത്ത പ്രഖ്യാപനം ചെയ്യുന്നതിനാണു് ലോകത്തിൽ സഭസ്ഥാപിച്ചിരിക്കുന്നതു്. ഈ പ്രത്യാശ മങ്ങിക്കൊണ്ടിരുന്നപ്പോഴെല്ലാം, ലോകത്തിനൊരു സന്ദേശവും നൽകാനില്ലെന്നമട്ടിൽ, ലോകത്തിൽ നിന്നു് ഒറ്റപ്പെട്ടു നിൽക്കാൻ സഭപ്രലോഭിതയായിട്ടുണ്ടു്. അപ്പോൾ അതു് അകത്തേക്കു വലിഞ്ഞു കേവലം “പള്ളിമയ”മായിത്തീർന്നു. എന്നാൽ ഈ ക്രിസ്തീയ പ്രത്യാശ ഒരു സജ്ജീവശക്തിയായി കത്തിജ്വലിച്ചിടത്തെല്ലാം സഭ ഭയലേശമെന്യേ സുധീരം ലോകത്തിൽ മുമ്പോട്ടു നീങ്ങി. അതൊരു സാക്ഷ്യം വഹിക്കുന്ന, “സുവിശേഷീകരിക്കുന്ന” സഭയായിത്തീർന്നു. സാക്ഷ്യം വഹിക്കൽ സഭയുടെ പ്രവർത്തനങ്ങളിൽ ഒന്നുമാത്രമായിരുന്നില്ല. ആ ലക്ഷ്യത്തിനുവേണ്ടിയാണു് സഭയുടെ സർവശക്തിയും എടുത്തു പ്രയോഗിച്ചിരുന്നതു്.

ശാന്തമായി ചിന്തിക്കുന്ന പക്ഷം, ഒരു സംഗതി വ്യക്തമാകും. സുവിശേഷപ്രവർത്തനം സംബന്ധിച്ചു് ഇന്നു നിലവിലിരിക്കുന്ന ബഹുജനധാരണ തികച്ചും മറ്റൊന്നാണു്. യാതൊരു സഭയും കുറഞ്ഞപക്ഷം വാക്കാലെങ്കിലും, സുവിശേഷപ്രവർത്തനത്തെ പ്രാധമികധർമ്മമായി അംഗീകരിക്കാതിരിക്കുന്നില്ല. എന്നാൽ, സുവിശേഷപ്രചരണത്തിനുള്ള സാർവത്രികമായ ഉത്സാഹ പ്രകർഷത്തിൽ വാസ്തവമായ ഉൽക്കണ്ഠ എത്രകണ്ടുണ്ടു്. വെറും ഭാഷണമോ പഴയകാലത്തെ അനുസ്മരണമോ എത്രമാത്രമുണ്ടു് എന്നു ചോദിക്കേണ്ടിയിരിക്കുന്നു. സഭയുടെ ഏതോ പ്രത്യേകതരം ഒരു പ്രവർത്തനത്തെ സൂചിപ്പിക്കാനായിട്ടല്ലേ മിക്കപ്പോഴും സുവിശേഷപ്രവർത്തനം എന്ന പദം ഇന്നുപയോഗിക്കുന്നതു്? “സുവിശേഷപ്രവർത്തകൻ” (ഇവാഞ്ജലിസ്റ്റ്) എന്നപദത്തിനു്, ഒരു പ്രത്യേകതരം ജോലിയെടുക്കുന്നവനെന്ന അർത്ഥമല്ലേ കല്പിക്കുന്നതു്?—വമ്പിച്ച ഉണർവ്വുയോഗങ്ങൾ നടത്തി ദേശാടനം ചെയ്യുന്നവരെയോ, ദുർലഭമായി, വിദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഒരു മിഷ്യനറിയേയോ കുറിക്കാനല്ലേ ഇന്നു ഈ പദം ഉപയോഗിക്കുന്നതു്?

സഭ മുഴുവന്റേയും ക്രിസ്ത്യാനികളിൽ ഓരോ വ്യക്തിയുടേയും സ്വഭാവലക്ഷണമായിരിക്കേണ്ട ഒരു ധർമ്മം, അ

---

ഈ വംശത്തിന്റെ സ്ഫുരണങ്ങൾ പെറുഗ്യായിലെ ജയിൽവാസത്തിനിടയിൽ പ്രകടമാകാതിരുന്നില്ല. ചെറുപ്പക്കാരായ സൈനികോദ്യോഗസ്ഥന്മാരുടെ ഇടയിൽ, വ്രീളാവിവശനും കൂട്ടുചേരാനറിയാത്തവനും മൗനിയും ആ സംഘത്തിൽ അവഗണിക്കപ്പെട്ടവനുമായ ഒരാളുണ്ടായിരുന്നു. സദാ സന്തോഷഭരിതനും രസികശിരോമണിയുമായ ഫ്രാൻസിക്കോ ഡി പീട്രോ ബർണാർഡണിന്റെ നേരെ എതിർപത്തിപ്പു്, സ്നേഹിക്കപ്പെടാൻ കൊതിപൂണ്ടവനും എന്നാൽ സദാ കൂട്ടുകാരുടെ പരിഹാസശരവ്യവുമായ ആ യുവാവിന്റെ ദൈന്യം അവന്റെ വദനത്തിൽ ദർശിച്ചപ്പോൾ ഫ്രാൻസിസിനു ഒരു വാൾ സ്വന്തഹൃദയത്തിലൂടെ കടന്നാലെന്നവണ്ണം വേദന തോന്നി. ഫ്രാൻസിസ് അവന്റെ അടുക്കൽ ചെന്നു് അവനോടു സംഭാഷിച്ചു. താൻ അയാളുടെ ഒരു സുഹൃത്താണെന്നു് അവനെ ബോധ്യപ്പെടുത്തി, അയാളെ വിട്ടു ധൃതഗതിയിൽ മടങ്ങിവന്ന ഫ്രാൻസിസ് ആദ്യമായി ചെയ്തതു്, മുമ്പറഞ്ഞ യുവാവിനോടു ദയാപുരസ്സരം സംഭാഷിച്ചു് അയാളെ സുഹൃത്തായി അംഗീകരിക്കാൻ സ്വന്തം കൂട്ടുകാരെ നിർബന്ധിക്കുകയായിരുന്നു.

വയസ്സനായ പീട്രോ ബർണാർഡണിന്റെ പുത്രനായ ഫ്രാൻസിസ് അനുകമ്പാർദ്രനായിരുന്നു.


**India's Largest Composite Insurance Company**

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Licence No. 498 Dated 20-8-1946 Reg. M. 5268

# THE CHURCH WEEKLY

പുഷ്പവും സാന്തരവും ചിലപ്പോൾ വിചിത്രവുമായ ഏതോ പ്രത്യേകതയായി പരിഗണിക്കപ്പെടുന്നപക്ഷം, എവിടെയോ എന്തോ തകരാറു പറ്റിയിരിക്കണം. ഒരു പ്രത്യേക പ്രവർത്തനം [illegible]ന്ന നിലയിലും അതിനു സഭാജ[illegible]ത്തിൽ ഒരു സ്ഥാനമുണ്ടായിരു[illegible]. സംശയമില്ല. എന്നാൽ, അതിനു കഴിഞ്ഞ ഒരു തലമുറയിലേപ്പോലെ, നമ്മുടെ തലമുറയിലെ ആവശ്യങ്ങൾ നേരിടുന്നതിനു സാദ്ധ്യമല്ലെന്നുള്ളതിനു പല സൂചനകളും ലഭിക്കുന്നുണ്ടു്. ഒരു ഉണർവിന്റെ സഫലത, ഉണർത്തുന്നതിനുള്ള എന്തിന്റെയോ സാന്നിദ്ധ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഈദൃശ "ഉണർവ്" യോഗങ്ങളുടെ മൂല്യത്തിന്റെ ആസ്വാദനത്തോടൊപ്പം, ആത്മാർത്ഥമായ ചോദ്യങ്ങൾക്കു അവസരമുണ്ടായിരിക്കണം. സുവിശേഷപ്രവർത്തനം സഭയുടെ മാമോദീസാ മുങ്ങിയ അംഗങ്ങളെ ഉദ്ദേശിച്ചാണോ നടത്തേണ്ടതു്? അങ്ങനെയെങ്കിൽ മതംമാററത്തിന്റെ അർത്ഥമെന്തു്? അതല്ല, മാമോദീസാ സ്വീകരിക്കാത്തവരെ ഉദ്ദേശിച്ചാണു അതു നടത്തുന്നതെങ്കിൽ, പരിശുദ്ധാത്മ നിവേശിതമായ ശരീരത്തിലുള്ള ജീവിതത്തിലേക്കു നയിക്കുകയാണോ മാനസാന്തരം? സുവിശേഷപ്രവർത്തനം നടത്തുന്നതു് പ്രസംഗകനാണോ? അതോ, വിശ്വാസികളുടെ സമൂഹം തന്നെയോ? സുവിശേഷപ്രവർത്തകനെന്നു അറിയപ്പെടുന്ന വ്യക്തി ഈ സമൂഹത്തിന്റെ വക്താവു മാത്രമോ?

മാനസാന്തരത്തിനു തുല്യമായി പരിഗണിച്ചുപോരുന്ന, "ക്രിസ്തുവിനു" വേണ്ടിയുള്ള തീരുമാനം, ആത്മനിഷ്ഠമായ ഏതോ ദുർബലാനുഭവമായി ഗണിച്ചുകൂടാ. എന്നിരിക്കിലും മാനസാന്തരകഥയിൽ ഏതെങ്കിലുമൊരുഭാഗത്തു് സഭപ്രവേശിക്കേണ്ടിവരുന്ന പക്ഷം —അതിനൊരു ഉപാധിയെന്ന നിലയിലല്ലെങ്കിൽ, കുറഞ്ഞപക്ഷം മാനസാന്തരം പ്രാപിച്ച വ്യക്തിയുടെ ഭാവിയിലെ ആത്മീയ ഗൃഹമായിട്ടെങ്കിലും—ഈ ദ്വിതീയ ധർമ്മം അനുഷ്ഠിക്കാനെങ്കിലും സഭ സന്നദ്ധമാണോ? സുവിശേഷപ്രചാരസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ പറഞ്ഞു, "ഇന്നു സഭയ്ക്കു വെളിയിലുള്ള ബഹുഭൂരിപക്ഷം പേരും സഭയ്ക്കകത്തു പ്രവേശിക്കാൻ അഗ്രഹിക്കാത്ത നിലയിൽ അത്ര കനത്തതാണു് സഭയിലെ ആത്മീയദാരിദ്ര്യവും സഭയുടെ അസന്നദ്ധതയും."

## സുവിശേഷപ്രവർത്തനവും മിഷ്യനുകളും

സുവിശേഷപ്രചരണ കൃത്യത്തെ അഭിമുഖീകരിക്കുമ്പോൾ, സഭകൾ ആത്മപരിശോധനയ്ക്കു വിധേയമാകണമെന്ന ബോധ്യത്തെ ദൃഢീകരിക്കുന്ന മറെറാരുവാസ്തവമുണ്ടു്. സഭയുടെ സുവിശേഷപ്രചരണ ധർമ്മവും മിഷ്യനറി ധർമ്മവും തമ്മിലുള്ള അർത്ഥാന്തരം എടുത്തുകാണിക്കുക വിഷമമായിരിക്കും. മിഷ്യനറിധർമ്മം, ഏതാനും പേർക്കു് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള ഏതോ പ്രത്യേക ഉത്തരവാദിത്വമാണെന്നാണു് ഇന്നുള്ള ധാരണ. വർഷങ്ങൾ മുമ്പു് പാശ്ചാത്യലോകത്തിൽ, സമുദായം പൊതുവേ ക്രൈസ്തവമെന്നു പരിഗണിക്കപ്പെട്ടിരുന്നകാലത്തു്, ക്രിസ്തീയലോകം ഒരു യാഥാർത്ഥ്യമായി കരുതപ്പെട്ടിരുന്ന കാലഘട്ടത്തിൽ, അക്രൈസ്തവലോകം വിദൂരസ്ഥിതമായ ഒരു ഭൂമിശാസ്ത്ര പ്രദേശമായി മാത്രം അറിയപ്പെട്ടിരുന്ന കാലത്തു്, ഇത്തരത്തിൽ മിഷ്യനറി ധർമ്മം കുറേപ്പേർക്കു ഏൽപ്പിച്ചുകൊടുക്കുന്ന നടപടി ന്യായീകരിക്കാമായിരുന്നിരിക്കും. മാനസാന്തരം ഭവിച്ച ക്രൈസ്തവലോകത്തിലാണു് നാം ജീവിക്കുന്നതെന്നു് നടിക്കാൻ ഇന്നാരെങ്കിലും ധൈര്യപ്പെടുമോ? "ക്രൈസ്തവലോക വ്യാമോഹ"ത്തിൽനിന്നു രക്ഷിക്കണേയെന്നു് മിഷ്യനുകളും ; സുവിശേഷപ്രചരണവും മുറവിളി കൂട്ടുന്നു. ഇവരണ്ടും സഭയുടെ ആകമാനമുള്ള സംഘടിതപ്രവർത്തനങ്ങളായിമാറേണ്ടിയിരിക്കുന്നു, സഭ ക്രിസ്തുവിന്റെ രക്ഷണ്യ കർമ്മത്തിന്റെ ഉപാധിയാണല്ലോ. മിഷ്യനറി വേലയിൽ നിന്നോ സുവിശേഷ പ്രചരണത്തിൽ നിന്നോ പുതിയ സഭകളെപ്പോലും ഒഴിവാക്കീട്ടില്ല. "ക്രൈസ്തവലോകവ്യാമോഹ"ത്തിനു് അവ ഇരയായിത്തീർന്നിട്ടില്ലാത്തതിനാൽ, അക്രൈസ്തവസമക്ഷം സുവിശേഷം അവതരിപ്പിക്കുന്നതിനു് പുതിയമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിൽ മുന്നോടി പ്രവർത്തനം നടത്താൻ അവയ്ക്കു സാദ്ധ്യതയുണ്ടു്.

---

## ക്ഷയരോഗികൾക്കു് വേണ്ടിയുള്ളപള്ളിക്കു്

25 സെൻറു് സ്ഥലം സംഭാവന

തോമസ് മാർ ദീവന്നാസ്യോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ നിരണം പള്ളിപ്പൊതുയോഗത്തിൽ, തിരുവിതാംകോട്ടു് വ. ദി. ശ്രീ. കെ. വി. ഗീവറുഗീസ് പമ്പാച്ചന്റെ അവശ്യപ്രകാരം, ക്ഷയരോഗികളായ സുറിയാനിക്കാരുടെ ആരാധനാലയം സ്ഥാപിക്കാനായി 25 സെൻറു് സ്ഥലം 500 ഉറുപ്പികയ്ക്കു വാങ്ങി കാതോലിക്കാ സിംഹാസനത്തിങ്കലേക്കു സംഭാവന ചെയ്യുന്നതിനു തീരുമാനിച്ചിരിക്കുന്നു.

**Punnathra Tile Works Kottayam.**

ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partrioulars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

Printed and Published by N.M. Abraham B.A. at the Malayala Manorama Press, Kottayam